ഖുത്വ്ബ നമ്പർ
**12**
21-03-2014

بسم الله الرحمن الرحيم O نحمده ونصلى على رسوله الكريم O وعلى عبده المسيح الموعود

**ജുമുഅ ഖുത്വ്ബ**
**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ایده الله تعالیٰ بنصره العزیز

വിവർത്തനം: ടി. അമീറുദ്ധീൻ സാജിദ് മൂവാറ്റുപുഴ



*Baitul Futuh, London*

# വാഗ്ദത്ത മഹ്ദി മസീഹിന്റെ സത്യതക്കുള്ള അടയാളങ്ങൾ

ഞാനിന്ന് ഹ: മസീഹ് മൗഊദ് عليه السلام ന്റെ ചില ലിഖിതങ്ങളും, ഉദ്ധരണികളും അവതരിപ്പിക്കുന്നതാണ്. ഇതിൽ അദ്ദേഹം തന്റെ സത്യസാക്ഷ്യത്തെ കുറിച്ചും, അടയാളങ്ങളെ കുറിച്ചും, മുഅ്ജിസത്തുകളെ കുറിച്ചും പ്രതിപാദിച്ചിരിക്കുന്നു. അതിന് മുൻപായി ഞാൻ കഴിഞ്ഞ ഖുത്ബയെ ആസ്പദമാക്കി ചില കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുന്നു.

കഴിഞ്ഞ ഖുത്ബയിൽ ഞാൻ ഹ: മസീഹ് മൗഊദ് عليه السلام ന്റെ ദൈവജ്ഞാന സിദ്ധിക്കുള്ള മാർഗത്തേയും അതിന്റെ പ്രാധാന്യത്തേയും ധ്വനിപ്പിക്കുന്ന ചില ഉദ്ധരണികൾ വായിച്ചിരുന്നു. ഒന്ന് രണ്ട് ബുദ്ധിമുട്ടുള്ള തെളിവുകളെ വിശദീകരിക്കുകയും ചെയ്തിരുന്നു. പിന്നീട് ഞാൻ ഈ ഖുത്ബയുടെ ഇംഗ്ലീഷ് പരിഭാഷ കേട്ടപ്പോഴും, അത് പോലെ അൽഫസ്‌ലിൽ പ്രസിദ്ധീകരിക്കുന്നതിനായി ലിഖിത രൂപത്തിൽ എന്റെ മുൻപിൽ വന്നപ്പോഴും എനിക്ക് മനസ്സിലായത് ഒരു ഉദ്ദരണിയുടെ ശരിയായ വിശദീകരണം ആയിട്ടില്ല എന്നാണ്. അത്കൊണ്ട് തന്നെ വിത്യസ്ത ഭാഷകളിൽ പരിഭാഷ ചെയ്തവർക്കും പ്രയാസം അനുഭവപ്പെട്ടിരിക്കാം. അത്പോലെ ഖുത്ബ പകർത്തി എഴുതുന്നവർക്കും ബുദ്ധിമുട്ടായി. അത്കൊണ്ട് ഞാൻ ആദ്യം തന്നെ ഈ ഉദ്ധരണിയുടെ ചില വരികളും ചില ഭാഗങ്ങളും വായിച്ച് കൊണ്ട്, ലഘുവായ ഭാഷയിൽ ചുരുങ്ങിയ രീതിയിൽ അവതരിപ്പിക്കുന്നതാണ്. അഥവാ അവതരിപ്പിക്കുവാൻ പരിശ്രമിക്കുന്നതാണ്. കാരണം ഹ: മസീഹ് മൗഊദ് عليه السلام ന്റെ സാഹിത്യ സമ്പുഷ്ടത വളരെ ആഴത്തിൽ ഇറങ്ങിച്ചെന്ന് ചിന്തിച്ചാൽ മാത്രമേ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. ദൈവജ്ഞാന സിദ്ധിയിലൂടെയല്ലാതെ ദൈവിക കൽപനകൾ നടപ്പിൽ വരുത്താൻ സധ്യമല്ല എന്നതിനെ വിശദീകരിച്ച് ഹ: മസീഹ് മൗ ഊദ് عليه السلام അരുൾ ചെയ്യുന്നു. "അല്ലാഹു അറിവും ജ്ഞാനവും ഇസ്‌ലാമിന്റെ യാഥാർഥ്യത്തെ മനസ്സിലാക്കാനുള്ള മാനദണ്ഡങ്ങളായി നിശ്ചയിച്ചിരിക്കുന്നു. ഇത് കൂടാതെ ഇസ്‌ലാമിന്റെ യാഥാർഥ്യത്തെ മനസ്സിലാക്കാനുള്ള മറ്റ് മാനണ്ഡങ്ങളും ഉണ്ട്. ഉദാഹരണത്തിന് നമസ്കാരം, നോമ്പ്, പ്രാർഥന, അറുനൂറിൽ പരം വരുന്ന ദൈവിക കൽപനകൾ തുടങ്ങിയവ. എന്നാൽ ഔന്നത്യവും, ഏകത്വവും, അസ്തിത്വവും, ദൈവിക സൗമ്യപ്രഭാവവും, രൗദ്രപ്രഭാവവും തുടങ്ങി എല്ലാ ഗുണങ്ങളുടെയും നിദാനം ദൈവിക ജ്ഞാനത്തിൽ അധ്ഷ്ഠിതമാണ്. എന്തുകൊണ്ടെന്നാൽ അലസ ഹൃദയനും, ദൈവിക ജ്ഞാനത്തിൽ നിന്നും പൂർണമായും ഹതഭാഗ്യനുമായ വ്യക്തിക്ക്, നമസ്കാരവും, നോമ്പും, അനുഷ്ഠിക്കുവാനോ, പ്രാർഥിക്കുവാനോ, ദാനധർമങ്ങൾ ചെയ്യുവാനോ സൗഭാഗ്യം ലഭിക്കുകയില്ല. ഈ രീതിയിലുള്ള സർവ വിധ സത്കർമങ്ങൾക്കും പ്രേരണ നൽകുന്നത് ജ്ഞാനമാണ്. മറ്റ് എല്ലാ മാനദണ്ഡങ്ങളും തന്നെ യഥാർഥത്തിൽ ഇതിൽ നിന്ന് ഉത്ഭവിച്ചിട്ടുള്ളതും, ഇതിനാൽ നിർമിതവുമാണ്."

ഈ ഉദ്ധരണി വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ആയതിനാൽ സാധാരണക്കാരായ ആളുകൾക്ക് മനസ്സിലാകുന്നതിന് ഇതിനെ അല്പം വിശദീകരിക്കേണ്ടത് എനിക്ക് അനിവാര്യമായി തോന്നി. മസീഹ് മൗഊദ് عليه السلام പറഞ്ഞിരിക്കുന്ന അടിസ്ഥാനപരമായ കാര്യം, ഇസ്‌ലാമിന്റെ യാഥാർഥ്യത്തെ മനസ്സിലാകുന്നത് ഒരാൾ ആഴത്തിൽ ഇറങ്ങിച്ചെന്ന് അതിന്റെ അറിവും, ജ്ഞാനവും കരസ്ഥമാക്കാൻ പരിശ്രമിക്കുമ്പോഴാണ്. അല്ലെങ്കിൽ അറിവും ജ്ഞാനവും കരസ്ഥമാക്കാൻ വേണ്ടി പരിശ്രമത്തിൽ മുഴുകുമ്പോൾ മാത്രമേ ഇത് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. പറയുന്നു, ഇസ്‌ലാമിന്റെ യാഥാർഥ്യത്തെ മനസ്സിലാക്കാൻ ധാരാളം മാർഗങ്ങൾ ഉണ്ട്. ഈ മാർഗങ്ങൾ അവലംബിക്കുന്നവർക്ക് മാത്രമേ ഇസ്‌ലാമിന്റെ യാഥാർഥ്യത്തെ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. എണ്ണമറ്റ മാർഗങ്ങൾ ഉണ്ട്, ആ മാർഗങ്ങൾ പ്രാപിക്കാൻ പരിശ്രമിക്കുമ്പോൾ മാത്രമേ ഇസ്‌ലാമിന്റെ യാഥാർത്ഥ്യം മനസ്സിലാവുകയുള്ളൂ. ഈ മാർഗങ്ങളിൽ നമസ്കാരം ഉണ്ട്, നോമ്പ് ഉണ്ട്, ദുഃആ ഉണ്ട്, വിശുദ്ധ ഖുർആനിൽ പറഞ്ഞിട്ടുള്ള എല്ലാ കല്പനകളും ഉണ്ട്. ഏകദേശം അറുനൂറിൽ പരം കൽപനകൾ ഇതിലുണ്ട്. എന്നാൽ ഓർത്ത് കൊള്ളുക. അല്ലാഹുവിന്റെ ഔന്നത്യത്തേ കുറിച്ചുള്ള അറിവും ജ്ഞാനവും കരസ്ഥമാക്കാത്തത് വരെ നമസ്കാരത്തിന്റെ യഥാർഥത്തേ കുറിച്ചോ, നോമ്പിന്റെ യാഥാർഥ്യത്തേ കുറിച്ചോ, നമസ്കാരത്തിന്റെയും നോമ്പിന്റെയും കടമകൾ അത് അർഹിക്കുന്ന വിധം പൂർത്തികരിക്കുവാനോ, ദുഃആയുടെ യാഥാർഥ്യത്തേ കുറിച്ചോ, വിശുദ്ധ ഖുർആന്റെ മറ്റ് കല്പനകളെ കുറിച്ചോ ശരിയായി മനസ്സിലാക്കാനോ ഉൾക്കൊള്ളുവാനോ സാധിക്കുകയില്ല. ഇതിന്റെയെല്ലാം ആന്തരിക അർഥവും, പ്രാധാന്യവും, യാഥാർഥ്യത്തേ കുറിച്ചുള്ള അറിവും അല്ലാഹുവിന്റെ ഔന്നത്യത്തേ കുറിച്ചുള്ള അറിവും ജ്ഞാനവും കരസ്ഥമാ ക്കുമ്പോഴാണ് ലഭിക്കുന്നത്. ഒപ്പം അല്ലാഹുവിന്റെ അസ്തിത്വവും ഏകത്വവും മനസ്സിലാകുമ്പോഴാണ്.

അവൻ മാത്രമാണ് ദൈവം എന്നും, അവനല്ലാതെ മറ്റൊരു ദൈവവും ഇല്ല എന്നുമുള്ള ദൃഢവിശ്വാസം ഉണ്ടാകുമ്പോഴാണ്. പിന്നീട് പറയുന്നു: "അല്ലാഹുവിന് വിത്യസ്തമായ സിഫത്തുകൾ ഉണ്ട്. അതിൽ ചിലത് സൗമ്യഭാവങ്ങളും

ചിലത് രൗദ്രഭാവങ്ങളും ആണ്. അതിന്റെ നവം നവങ്ങളായ ജ്ഞാനവും, അറിവും ഉണ്ടാകാത്തത് വരെ ദൈവിക കല്പനകൾ നടപ്പിൽ വരുത്താനും സാധിക്കുന്നതല്ല. അല്ലാഹുവിന്റെ ഗുണനാമങ്ങളെ കുറിച്ചുള്ള അറിവുണ്ടായാൽ മാത്രമേ അവന്റെ കല്പനകളെ ശരിയായ രീതിയിൽ പ്രവർത്തിപഥത്തിൽ കൊണ്ടുവരാനും സാധിക്കുകയുള്ളൂ. അതായത് നമസ്കാരം, നോമ്പ് മറ്റ് കല്പനകൾ എന്നിവയുടെ അന്തസത്തയെ മനസ്സിലാക്കുക എന്നതാണ് അതിന്റെ ഉദ്ദേശ്യം. അല്ലാഹു വിശുദ്ധ ഖുർആനിൽ മറ്റൊരു സ്ഥലത്ത് പറയുന്നു. كُلَّ يَوْمٍ هُوَ فِي شَانٍ അതായത് ഓരോ നിമിഷവും അവൻ ഒരു പുതിയ പ്രൗഢി പ്രകടിപ്പിക്കുന്നു. ഇതിനെ കുറിച്ചുള്ള ജ്ഞാനം കരസ്ഥമാക്കേണ്ടത് അനിവാര്യമാണ്. ആകയാൽ ഇസ്‌ലാമിന്റെ യാഥാർഥ്യവും, ആരാധനകളും, കല്പനകളും, മനസ്സിലാക്കുന്നതിനുള്ള അടിസ്ഥാന തത്വം അല്ലാഹുവിന്റെ ഔന്നത്യത്തെ അറിയുകയും, അത് എത്ര മഹത്തരമായ അസ്തിത്വമാണ് എന്ന് മനസ്സിലാക്കുകയും, അല്ലാഹുവിന്റെ ഏകത്വത്തെ കുറിച്ചുള്ള അറിവ് നേടുകയും അല്ലാഹുവിന്റെ രൗദ്ര സ്വഭാവ ഗുണങ്ങളുടേയും സൗമ്യഗുണങ്ങളുടേയും വിവിധ വശങ്ങളേയും, അവന്റെ പ്രൗഢിയേയും മനസ്സിലാക്കുകയും ചെയ്യുക എന്നത് അനിവാര്യമാണ്. ഗുണങ്ങളുടെ തന്നെ വിത്യസ്തങ്ങളായ പ്രൗഢിയുണ്ട് എന്ന് മനസ്സിലാക്കുക. അല്ലെങ്കിൽ അതിനെ കുറിച്ചുള്ള അറിവും ജ്ഞാനവും കരസ്ഥമാക്കുന്നതിനായി പരിശ്രമിക്കേണ്ടത് അനിവാര്യമാണ്. അഥവാ പൂർണമായ അറിവ് നേടാൻ സാധിക്കുന്നില്ലായെങ്കിൽ തന്നെയും അതിനായി മനുഷ്യൻ പരിശ്രമിക്കേണ്ടത് അനിവാര്യമാണ്. ആരാധനകൾ നിറവേറ്റുന്നതിലൂടെയും, കല്പനകൾ പാലിക്കുന്നതിലൂടെയും അല്ലാഹുവിന്റെ ഈ ഗുണങ്ങളെ അറിയുന്നതിനായി പരിശ്രമിച്ച് കൊണ്ടിരിക്കേണ്ടതാണ്. എന്തെന്നാൽ എല്ലാ കല്പനകളുടെയും പാലനം ഈ ജ്ഞാനത്തിൽ അധിഷ്ഠിതമാണ്.''

അദ്ദേഹം പറയുന്നു: ''അലസ ഹൃദയരായവർക്ക് ദൈവ ജ്ഞാനം എന്താണ് എന്നും, അല്ലാഹുവിന്റെ ഏകത്വവും, അസ്തിത്വവും, മഹത്വവും എന്നാണ് എന്നും അറിയുകയില്ല. പിന്നെ എങ്ങനെയാണ് അത്തരക്കാർക്ക് നമസ്കാരത്തിന്റെയും നോമ്പിന്റേയും കടമകൾ നിറവേറ്റാൻ കഴിയുന്നത്?. അത്പോലെ ദുഃആയിലേക്കും, ദാനധർമ്മങ്ങളിലേക്കും എങ്ങനെയാണ് ശ്രദ്ധിക്കാൻ കഴിയുന്നത്? എങ്ങനെയാണ് എല്ലാ രീതിയിലുള്ള സത്കർമങ്ങൾക്കും പ്രേരണയാകുന്നത്?.'' അദ്ദേഹം പറയുന്നു, ''സത്കർമങ്ങൾ ചെയ്യണം എന്ന ചിന്തയുണ്ടാകുന്നതും പ്രേരണ ഉണ്ടാകുന്നതും ജ്ഞാനത്തിലൂടെയാണ്. എത്രത്തോളം ദൈവത്തേ സബന്ധിച്ചുള്ള ജ്ഞാനം ഉണ്ടാകുന്നുവോ അത്രത്തോളം, ആരാധനകളും, സത്കർമങ്ങളും അതിന്റെ ആത്മാവിനെ മനസ്സിലാക്കിക്കൊണ്ട് അനുഷ്ഠിക്കാൻ സാധിക്കുന്നതാണ്. അഥവാ നാം ദൈവജ്ഞാന സിദ്ധിക്കായി പരിശ്രമിക്കുകയാണെങ്കിൽ, ദൈവിക കല്പനകൾ നിറവേറ്റുന്നതിലേക്കും ശ്രദ്ധ ഉണ്ടാകുന്നതാണ്. തുടക്കത്തിൽ ഈ ജ്ഞാനം അല്ലാഹുവിന്റെ കാരുണ്യം കാരണമായും, അല്ലാഹുവിന്റെ സവിശേഷമായ ഔദാര്യം കാരണത്താലും സത്പ്രകൃതക്കാരായ ആളുകൾക്ക് ലഭിക്കുന്നു. എന്നാൽ പിന്നീട് ഈ ജ്ഞാനം വിശ്വാസത്തിന്റെ മനോഹാരിതയും, സത്കർമങ്ങളുടെ അനുഷ്ഠാനത്താലും വർധിച്ചുകൊണ്ടേ ഇരിക്കുന്നു. അങ്ങനെ മനുഷ്യന് യഥാർഥ ഇസ്‌ലാമിനെ മനസ്സിലാക്കുന്ന ഉന്നത നിലവാരത്തിലേക്ക് എത്തുകയും ചെയ്യുന്നു. നാമമാത്രമായ ഇസ്‌ലാമല്ല. അങ്ങനെ അവന്റെ ഹൃദയം ദൈവിക ജ്ഞാനത്തിൽ പ്രകാശപൂരിതമായിത്തീരുന്നു.'' ഈ ഒരു നിലവാരമാണ് യഥാർഥ മുസ്‌ലീംകൾ എന്ന് പറയുന്നവർ ആർജിക്കുന്നതിനായി പരിശ്രമിക്കേണ്ടത്.

ഈ വിശദീകരണത്തിന് ശേഷം ഞാൻ ആരംഭത്തിൽ പ്രതിപാദിച്ച വിഷയത്തിലേക്ക് കടക്കുകയാണ്. ഹദ്റത് മസീഹ് മൗഊദ് ﷺ ന്റെ സത്യ സാക്ഷ്യത്തിനായുള്ള ദൈവിക അടയാളങ്ങളും സഹായങ്ങളും വിവിധ സന്ദർഭങ്ങളിൽ അദ്ദേഹം വിവരിച്ചിട്ടുണ്ട്. അതിൽ നിന്നും ഏതാനും ചില ഉദാഹരണങ്ങൾ വിവരിക്കുന്നതാണ്. രണ്ട് ദിവസത്തിനു ശേഷം إِنْ شَاءَ اللهُ മാർച്ച് 23 ആണ്. ആ ദിവസം മസീഹ് മൗഊദ് ദിനം നടത്തപ്പെടുന്നു. ആ ദിവസത്തിന്റെ ആഭിമുഖ്യത്തിൽ പണ്ഡിതന്മാരും പ്രഭാഷകരും പ്രഭാഷണങ്ങൾ നടത്തുന്നു. അടയാളങ്ങളെ കുറിച്ചും, സഹായങ്ങളെ കുറിച്ചും അവർ പറയുന്നതാണ്. എന്തായാലും ഇന്നത്തെ വിഷയവും ഈ ഒരു വിഷയവുമായി ബന്ധപ്പെട്ടതാണ്. രണ്ട് ദിവസം ബാക്കി നിൽക്കെ ഈ വിഷയം പ്രതിപാദിക്കുന്നു എന്നത് തികച്ചും യാദൃശ്ചികമാണ്.

ഈ വർഷം ഖാദിയാനിൽ നിന്നും മൂന്ന് ദിവസത്തെ ഒരു പ്രോഗ്രാം മസീഹ് മൗഊദ് ദിനത്തോട് അനുബന്ധിച്ച് എം.ടി.എ.യിൽ ലൈവ് ആയി ഉണ്ടായിരിക്കുന്നതാണ്. നമ്മുടെ അറബി സഹോദരന്മാർ അവിടെ പോയിട്ടുണ്ട്. അവർ വിഷയം അവതരിപ്പിക്കുന്നതാണ്, ഖാദിയാൻ ഗ്രാമത്തിൽ വച്ചാണ് ഈ പ്രോഗ്രാം നടക്കുന്നത്. ഞാനും ഞായറാഴ്ച്ച ഒരു സന്ദേശം നൽകുന്നതാണ്. സഹോദരങ്ങൾ പ്രയോജനമെടുക്കാൻ ശ്രമിക്കുക.

ഇനി ഞാൻ ചില ഉദ്ദരണികൾ കേൾപ്പിക്കുന്നതാണ്. തന്റെ നിയോഗത്തേയും സത്യസന്ധതയേയും കുറിച്ച് സൂര്യ ചന്ദ്ര ഗ്രഹണങ്ങളുടെ അടയാളങ്ങൾ വിശദീകരിച്ച് കൊണ്ട് പറയുന്നു. ദാറു ഖുത്നിയിൽ ഈ ഹദീസ് വന്നിട്ടുണ്ട്. ഇമാം മുഹമ്മദ് ബാക്കിർ രിവായത്ത് ചെയ്യുന്നു.

**انّ لمهدينا آيتين لم تكونا منذ خلق السماوات والارض**
**تنكسف القمر لاوّل ليلة من رمضان وتنكسف الشمس**
**فى النصف منه ولم تكونا منذ خلق الله السماوات والارض**

അതായത് നമ്മുടെ മഹ്ദിക്ക് രണ്ട് അടയാളങ്ങൾ ഉണ്ട്, ആകാശ ഭൂമികൾ സൃഷ്ടിച്ചതിൽ പിന്നെ ഒരു ദൈവ നിയോഗിതനോ പ്രവാചകനോ വേണ്ടി ഈ അടയാളങ്ങൾ വെളിപ്പെട്ടിട്ടില്ല. റംസാൻ മാസത്തിൽ സൂര്യഗ്രഹണം നടക്കുന്ന നാളുകളിൽ ആദ്യദിവസം അതായത് 13 ാം തിയതി സൂര്യഗ്രഹണവും, ചന്ദ്രഗ്രഹണം നടക്കുന്ന നാളുകളിൽ മധ്യദിവസം അതായത് 28 ാം തിയ്യതി ചന്ദ്രഗ്രഹണവും നടക്കുന്നതാണ്. ഇങ്ങനെ ഒര അടയാളം ലോകാരംഭം മുതൽ ഒരു പ്രവാചകനോ ദൈവദൂതനോ നൽകപ്പെട്ടിട്ടില്ല. ഇത് വാഗ്ദത്ത മഹ്ദിയുടെ കാലത്താണ് സംഭവിക്കേണ്ടിയിരുന്നത്. അത്പോലെ മുഴുവൻ, ഇംഗ്ലീഷ്, ഉർദു, പത്രങ്ങളും വാനശാസ്ത്രജ്ഞരും സാക്ഷികളാണ്. എന്റെ ജീവിത കാലഘട്ടത്ത് തന്നെ ഏകദേശം 12 വർഷം മുമ്പ് ഈ

രീതിയിലുള്ള സൂര്യചന്ദ്രഗ്രഹണങ്ങൾ റംസാൻ മാസത്തിൽ സംഭവിക്കുകയുണ്ടായി. മറ്റൊരു ഹദീസിൽ വന്നിരിക്കുന്നത് പോലെ ഈ ഗ്രഹണം രണ്ട് പ്രാവശ്യം റംസാനിൽ സംഭവിച്ച് കഴിഞ്ഞിരിക്കുന്നു. ഒന്ന് ഈ രാജ്യത്തും, രണ്ട് അമേരിക്ക യിലും രണ്ട് പ്രാവശ്യവും ഹദീസ് ചൂണ്ടിക്കാണിച്ച അതേ ദിവസങ്ങളിൽ തന്നെയാണ് ഗ്രഹണം സംഭവിച്ചിട്ടുള്ളത്. ആ സമയത്ത് ഭൂമിയിൽ മഹ്ദി വാദം ഉന്നയിക്കുന്നവർ മറ്റാരും ഉണ്ടായിരുന്നില്ല. മാത്രമല്ല ഈ അടയാളത്തെ മറ്റൊരാളും തന്റെ സത്യതയ്ക്കുള്ള അടയാളമായും പറഞ്ഞിട്ടില്ല. മറ്റാരും തന്നെ നൂറുക്കണക്കിന് ഉർദു, പാർസി നോട്ടീസുകളും ലിട്റേച്ചറുകളും ഇതു സംബന്ധമായി നൽകിയിട്ടില്ല. രണ്ടാമതായി 12 വർഷം മുമ്പ് തന്നെ എനിക്ക് ഇതിനെ സംബ ന്ധിച്ച് മുന്നറിയിപ്പ് നൽകിയിരുന്നു. ഇങ്ങനെ അടയാളം വെളിപ്പെടും എന്ന് ബറാഹീനെ അഹ്മദിയ്യായിൽ ഈ അടയാളം വെളിപ്പെടുന്നതിനു മുമ്പ് തന്നെ ലക്ഷക്കണക്കിന് ആളുകൾക്കിടയിൽ ഞാൻ വെളിപ്പെടുത്തിയിരുന്നു.''

ചിലർ ഇപ്പോൾ ചന്ദ്ര ഗ്രഹണത്തിന്റെ തെളിവെല്ലാം, ഉന്നയിക്കാറുണ്ട്. എന്നാൽ, ഇതിന്റെ സവിശേഷത അടയാളം വെളിപ്പെടും എന്ന് അദ്ദേഹം ആദ്യം തന്നെ പ്രവചിച്ചിരുന്നു എന്നുള്ളതാണ്. പിന്നീട് ഇതിനെ കൂടുതൽ വിശദീകരിച്ച് കൊണ്ട് ഹ: മസീഹ് മൗഊദ് ﷺ അരുൾ ചെയ്യുന്നു: ''ഈ ഹദീസ് ഒരു അദൃശ്യ കാര്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇത് 1300 വർഷങ്ങൾക്ക് ശേഷമാണ് വെളിപ്പെട്ടിരിക്കുന്നത്. ഇതിന്റെ ചുരുക്കം ഇതാണ്, വാഗ്ദത്ത മഹ്ദി വെളിപ്പെടുന്ന ആ കാലഘട്ടത്ത് റംസാൻ മാസത്തിൽ സൂര്യഗ്രഹണം 13 ാം തിയതിയിലും അതേ മാസത്തിൽ 28 ന് ചന്ദ്രഗ്രഹണവും സംഭവിക്കുന്നതാണ്. ഇങ്ങനെ ഒരു സംഭവം വാഗ്ദത്ത മഹ്ദിയുടെ കാലഘട്ടത്തിലല്ലാതെ മറ്റൊരു വാദിയുടേയും കാലത്ത് ഉണ്ടായിട്ടില്ല. മാത്രമല്ല ഈ രീതിയിലുള്ള വ്യക്തമായ ഒരു അദൃശ്യകാര്യത്തെ സംബന്ധിച്ച് മുന്നറിയിപ്പ് നൽകാൻ പ്രവാചകനല്ലാതെ മറ്റാർക്കും തന്നെ സാധ്യമല്ല.

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു,

فَلَا يُظْهِرُ عَلٰى غَيْبِهٖٓ اَحَدًا اِلَّا مَنِ ارْتَضٰى مِنْ رَّسُوْلٍ

അതായത് അദൃശ്യ കാര്യങ്ങൾ തന്റെ പ്രവാചകന്മാർക്ക് അല്ലാതെ മറ്റാർക്കും വെളിപ്പെടുത്തുകയില്ല.

അപ്പോൾ ഈ പ്രവചനം അതിന്റെ അർഥത്തിന്റെ അടിസ്ഥാനത്തിൽ പൂർണമായി വെളിപ്പെട്ട സാഹചര്യ ത്തിൽ, ഈ ഹദീസ് **ളഈഫ്** ആണെന്നും ഇമാം മുഹമ്മദ് ബാക്കിറിന്റെ രിവായത്ത് ആണെന്നും മറ്റുമുള്ള മുടന്തൻ ന്യായങ്ങൾ പറഞ്ഞ് ഒഴിയാതിരിക്കുക. യാഥാർഥ്യമിതാണ്. റസൂൽ ﷺ യുടെ പ്രവചനങ്ങൾ പൂർത്തിയാകണം എന്ന് ഇവർ ഒരിക്കലും ആഗ്രഹിക്കുന്നില്ല. വിശുദ്ധ ഖുർആന്റെ പ്രവചനങ്ങൾ പൂർത്തിയാകണം എന്നും ഇവർ ആഗ്രഹിക്കു ന്നില്ല. ഈ അടയാളം യഥാർഥത്തിൽ റസൂൽ ﷺ യുടെ പ്രവചനം പൂർത്തിയാക്കുന്ന ഒരു അടയാളം കൂടിയാണ്.''

''ലോകം അവസാനിക്കാറായിരിക്കുന്നു. എന്നാൽ അവർ പറയുന്നതനുസരിച്ച് അവസാന കാലഘട്ടത്തെ സംബന്ധിച്ച ഒരു പ്രവചനം പോലും പൂർത്തിയായിട്ടില്ല. ഇതിനേക്കാൾ സ്വഹീഹായ മറ്റേത് ഹദീസാണ് ഉണ്ടാകുക. മുഹദ്ദിസു കളുടെ വ്യാഖ്യാനങ്ങൾ ആവശ്യമില്ലാത്ത സ്വയം തന്നെ ശരിയായ ഹദീസാണ് എന്ന് സ്ഥാപിച്ച് കാണിച്ചതിനേക്കാൾ ഉത്തമമായ മറ്റ് ഏത് ഹദീസാണ് ഉണ്ടാകുക. എന്നാൽ അല്ലാഹുവിന്റെ അടയാളങ്ങളെ സ്വീകരിക്കാതിരിക്കുക എന്നത് വേറെ കാര്യമാണ്. അതല്ലായെങ്കിൽ എനിക്ക് മുമ്പ് ആയിരക്കണക്കിന് പണ്ഡിതന്മാരും മുഹദ്ദിസീങ്ങളും ഇത് പൂർത്തീകരിക്കുന്ന കാലഘട്ടത്തിനായി കാത്തിരിക്കുന്നുണ്ടാ യിരുന്നു. മാത്രമല്ല മിമ്പറിൽ കയറി നിന്ന് കരഞ്ഞ കരഞ്ഞ് ഇത് ഓർമ്മപ്പെടുത്താറുണ്ടായിരുന്നു. ആകയാൽ അവസാന മായി മൗലവി **ലഖൂഖാവാലെ** ഇതേ കാലഘട്ടത്തിൽ ഇതേ ഗ്രഹണത്തെ സംബന്ധിച്ച് തന്റെ **അഹ്‌വാലുൽ ആഖിറത്ത്** എന്ന ഗ്രന്ഥത്തിൽ കവിതാ രൂപത്തിൽ ഇത് വാഗ്ദത്ത മഹ്ദിയുടെ കാലം ആണ് എന്ന് എഴുതിയിരിക്കുന്നു. പഞ്ചാബി കവിതയാണ്.

തേർവീം ചന്ദ് സോ തേരി വോ സൂരജ് ഗ്രഹണ് ഹോ സി സോഹെ

അൻദർ മാഹെ റംസാൻ നേ ലിഖിയാ ഇക് രിവായത്ത് വാലെ

പിന്നീട് നൂറുക്കണക്കിന് വർഷങ്ങളായി പ്രസിദ്ധിയാർജിച്ച മറ്റൊരു മഹാന്റെ കവിത അദ്ദേഹം എഴുതുന്നു.

ദർസ്മേ റാഷിയേ ഹിജ്റി ദോക്കിരാണ് ഖായിസ് ദൂദ്

അസ്പയേ മഹ്ദിയോ ദജ്ജാൽ നിശാൻ ബഖുദ്.

അതായത് പതിനാലാം നൂറ്റാണ്ട് 1314 ാം ആണ്ടിൽ സൂര്യചന്ദ്രഗ്രഹണങ്ങൾ റംസാൻ മാസത്തിൽ നടക്കുമ്പോൾ അത് മഹ്ദി മൗഊദിന്റെയും ദജ്ജാലിന്റെയും ഒരു അടയാളമായിരിക്കും.

ഈ കവിതയിൽ സൂര്യ ചന്ദ്രഗ്രഹണത്തിന്റെ വർഷ ത്തേയും പ്രതിപാദിച്ചിരിക്കുന്നു. പിന്നീട് അല്ലാഹുവിന്റെ അദ്ദേഹത്തോടുള്ള സമീപനം അദ്ദേഹത്തിന്റെ വാദത്തിനു മുമ്പും ഒരു അടയാളമെന്നോണം ഉദാഹരണമായിക്കൊണ്ട് പറയുന്നു, എന്റെ പിതാവ് സൂര്യാസ്തമയത്തിന് ശേഷം നിര്യാതനാകും എന്ന വാർത്ത എനിക്ക് നൽകപ്പെട്ടപ്പോൾ, മാനുഷിക പ്രകൃതം കാരണത്താൽ ഈ വാർത്ത കേട്ട് എനിക്ക് ദുഃഖം തോന്നി, ഞങ്ങളുടെ ജീവിത മാർഗം അദ്ദേഹ മായിരുന്നു. അദ്ദേഹത്തിന് ബ്രിട്ടീഷ് ഗവൺമെന്റിൽ നിന്നും പെൻഷൻ ലഭിക്കുമായിരുന്നു. കൂടാതെ വലിയൊരു സംഖ്യ ഉപഹാരമായിട്ടും ലഭിക്കുമായിരുന്നു. അത് അദ്ദേഹത്തിന്റെ ജീവിതവും ആയി ബന്ധപ്പെട്ടിരുന്നു. ആകയാൽ അദ്ദേഹ ത്തിന്റെ വഫാത്തിന് ശേഷം എന്താകും എന്ന ചിന്ത മനസ്സിൽ ഉദിച്ചു. കഷ്ടപ്പാടുകളും ബുദ്ധിമുട്ടും വരും എന്ന കാരണത്താൽ ഹൃദയത്തിൽ ഭയം തോന്നി, ഈ ചിന്തകളെല്ലാം ഒരു മിന്നൽ പോലെ ഒരു ഞൊടിയിടയിൽ മനസ്സിൽ മിന്നി മറഞ്ഞു. ആ സമയത്ത് ഒരു പ്രത്യേകമായ അവസ്ഥ സംജാതമാവുകയും രണ്ടാമതൊരു ഇൽഹാം ഇറങ്ങുകയും ചെയ്തു. اَلَيْسَ اللّٰهُ بِكَافٍ عَبْدَهٗ അതായത് അല്ലാഹു തന്റെ ദാസന് മതിയായവൻ അല്ലേ? ഈ ഇൽഹാമിലൂടെ എത്രത്തോളം ആശ്വാസം ലഭിച്ചെന്നാൽ ഹൃദയത്തിലെ വലിയ വേദനാജനകമായ മുറിവ് ഒരു മരുന്ന് കൊണ്ട് പെട്ടെന്ന് ഭേദമായത് പോലെ തോന്നി. യഥാർഥ ത്തിൽ ഇത് പരീക്ഷിക്കപ്പെട്ടിട്ടുള്ളതാണ്. അതായത് ദൈവിക വെളിപാടുകളിൽ ഹൃദയശാന്തി നൽകുന്ന ഒരു സവിശേഷതയുണ്ട് ഈ സവിശേഷതയുടെ അടിവേര് ദൈവിക വെളിപാടുകളിൽ ഉള്ള ഉറച്ച് വിശ്വാസമാണ് എന്നാൽ ദുഃഖകരമെന്ന് പറയട്ടെ എന്റെ ഈ വെളിപാടു കളെ കുറിച്ച് അവർ പറയുന്നത്, ഇത് കേവലം തോന്നൽ

ആണെന്നും ഇത് ശൈത്വാനിക വെളിപാടുകൾ ആകാം എന്നും ഇത് റഹ്മാനി വെളിപാടുകൾ ആണോ എന്ന് അറിയില്ലാ എന്നുമാണ്. ഇത്തരത്തിലുള്ള ഇൽഹാമു കളിൽ ഗുണത്തേക്കാൾ കൂടുതൽ ദോഷമാണ് ഉള്ളത് എന്നും പറയുന്നു. എന്നാൽ ഞാൻ അല്ലാഹുവിന്റെ മേൽ ആണയിട്ടുകൊണ്ട് പറയുന്നു; ഞാൻ വിശുദ്ധ ഖുർആനിലും, മറ്റ് ഗ്രന്ഥങ്ങളിലും വിശ്വസിക്കുന്നത് പോലെ ഈ ഇൽഹാമു കളിൽ വിശ്വസിക്കുന്നു. വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ ഗ്രന്ഥമാണ് എന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. അത് പോലെ എന്നിൽ അവതരിക്കുന്ന ഈ ഭാഷണത്തിലും അത് ദൈവിക ഭാഷണം തന്നെയാണെന്ന് വിശ്വസിക്കുന്നു. എന്തുകൊണ്ടെന്നാൽ അതിനോടൊപ്പം ദൈവിക പ്രകാശ വും, വെളിച്ചവും ഞാൻ കാണുന്നു. അതിനോടൊപ്പം അല്ലാഹുവിന്റെ ശക്തി പ്രഭാവത്തിന്റെ അടയാളങ്ങൾ കാണുന്നു. എന്തായാലും എനിക്ക് اَلَیۡسَ اللّٰهُ بِکَافٍ عَبۡدَہٗ എന്ന ഇൽഹാം ഉണ്ടായപ്പോൾ, അല്ലാഹു എന്നെ ഒരിക്കലും നശിപ്പിക്കുകയില്ല എന്ന് മനസ്സിലായി. അപ്പോൾ ഞാൻ ഖാദി യാൻ വാസിയും, ഇപ്പോൾ ജീവിച്ചിരിക്കുന്ന വ്യക്തിയുമായ മലാവമൽ എന്നു പേരുള്ള ഒരു ഹിന്ദുവിന് ഈ ഇൽഹാം എഴുതി നൽകുകയും മുഴുവൻ സംഭവങ്ങളും അയാളോട് പറയുകയും ചെയ്തു. എന്നിട്ട് അയാളെ അമൃത്സറിലേക്ക് അയച്ച്കൊണ്ട് ഹക്കീം മുഹമ്മദ് ശരീഫ് കലാനൂരി മുഖേന ഈ ഇൽഹാം കല്ലിൽ കൊത്തിച്ച് സീൽ ഉണ്ടാക്കിക്കൊണ്ട് വരാൻ ഏൽപ്പിച്ചു. ഞാൻ ഈ ഹിന്ദുവിനെ ഈ ദൗത്യത്തിന് നിയോഗിച്ചത് തന്നെ ഈ മഹത്തായ ഇൽഹാമിന് മൗലവി മുഹമ്മദ് ശരീഫും ഇയാളും സാക്ഷിയാകുകയും ചെയ്യുക എന്നതായിരുന്നു. അങ്ങനെ മൗലവി മുഹമ്മദ് ശരീഫ് സാഹിബിന്റെ അറിവിലൂടെ ഈ മോതിരം കേവലം അഞ്ചു രൂപ ചെലവിൽ തയ്യാറായി എന്റെ അടുത്ത് എത്തുകയു ണ്ടായി. ഇത് ഇപ്പോഴും എന്റെ കൈവശമുണ്ട്. ഈ ഇൽഹാം ഉണ്ടായത് എന്റെ പിതാവിന്റെ ഒരു നിശ്ചിത വരുമാനത്തിൽ ഞങ്ങളുടെ കുടുംബത്തിന്റെ ഉപജീവനം കഴിഞ്ഞു കൂടുന്ന സമയത്താണ്. പുറത്തുള്ള ഒരാൾക്കും തന്നെ എന്നെ അറിയില്ലായിരുന്നു. ഞാൻ ഖാദിയാൻ പോലുള്ള വിജനമായ ഗ്രാമത്തിൽ ആരാലും അറിയപ്പെടാ ത്ത വ്യക്തിയായിരുന്നു. പിന്നീട് അല്ലാഹു തന്റെ പ്രവചന ത്തിന്റെ അടിസ്ഥാനത്തിൽ ഒരു ലോകത്തിന്റെ ശ്രദ്ധ തന്നെ എന്നിലേക്ക് തിരിച്ചു. തുടർച്ചയായ വിജയത്തിനും സാമ്പത്തിക സഹായം ചെയ്യുന്നതിനും നന്ദി ചെലുത്താൻ എനിക്ക് വാക്കുകൾ ഇല്ല. എനിക്ക് എന്റെ അപ്പോഴത്തെ അവസ്ഥയിൽ മാസത്തിൽ പത്ത് രൂപ പോലും വരും എന്ന് വിശ്വാസമുണ്ടായിരുന്നില്ല. എന്നാൽ അല്ലാഹു ദരിദ്രരെ മണ്ണിൽ നിന്ന് ഉയർത്തുകയും അഹങ്കാരികളെ മണ്ണിൽ ചേർക്കുകയും ചെയ്യുന്നു. അവൻ എന്നെ ഏതുരീതിയിൽ സഹായിച്ചെന്നാൽ ഇത് വരേക്കും 3 ലക്ഷം രൂപയെങ്കിലും വന്നിട്ടുണ്ട് എന്ന് എനിക്ക് ഉറപ്പാ യിട്ടും പറയാൻ സാധിക്കുന്നതാണ്. ഒരുപക്ഷേ ഇതിലും അധികമായിരിക്കാം. വർഷങ്ങളായി ലങ്കർഖാനയുടെ മാസച്ചെലവ് തന്നെ 1500 രൂപ ആണ് എന്നതിൽ നിന്ന് തന്നെ ഈ വരുമാനം എത്രമാത്രം ഉണ്ടായിരുന്നു എന്ന് ഊഹിക്കാൻ സാധിക്കുന്നതാണ്. കൂടാതെ മദ്രസ, ഗ്രന്ഥ പ്രസിദ്ധീകരണം തുടങ്ങിയ ഇതിന് പുറമേയാണ്. اَلَیۡسَ اللّٰهُ بِکَافٍ عَبۡدَہٗ എന്ന ഈ ഇൽഹാം എത്ര ഔന്നത്യത്തോടു കൂടിയാണ് പുലർന്നത് എന്ന് നോക്കുക. ഇത് ഒരു കള്ളവാദിയുടെ പ്രവർത്തിയാണോ? ഇത് ശൈയ്ത്വാനിക ചിന്തകളാണോ? ഒരിക്കലും അല്ല. മറിച്ച് ഇത് തന്റെ കൈകളിൽ അഭിമാനവും, അപമാനവും, സ്വീകാര്യതയും ഉള്ള ദൈവത്തിന്റെ പ്രവർത്തിയാണ്. അഥവാ എന്റെ വാക്കുകളിൽ വിശ്വാസം ഇല്ലായെങ്കിൽ ഇരുപത് വർഷത്തെ കത്തുകളുടെ രജിസ്റ്റർ പരിശോധിച്ചാൽ എത്രത്തോളം വരുമാനത്തിന്റെ വാതാ യനങ്ങളാണ് ഈ കാലയളവിൽ തുറക്കപ്പെട്ടത് എന്നത് മനസ്സിലാക്കാൻ സാധിക്കുന്നതാണ്.''

അല്ലാഹുവിന്റെ അനുഗ്രഹത്താൽ മസീഹ് മൗഊദ് عليه السلام ന്റെ ഈ ലങ്കർ മുഴുവൻ ലോകത്തും വ്യാപിച്ചിരിക്കുന്നു. ഖിലാഫത്ത് ഇവിടെയുള്ളത് കൊണ്ട് ഇവിടെയും അതിന്റെ സ്ഥിരമായ സംവിധാനം നിലനിൽക്കുന്നു. ഹദ്റത് മസീഹ് മൗഊദ് عليه السلام ന്റെ പ്രവർത്തനങ്ങളുടെ പ്രധാനപ്പെട്ട ഒരു ഭാഗമാണ് ഇത്. ആകയാൽ ഇവിടെ അതിഥി സത്കാരത്തിന് ഉത്തരവാദപ്പെട്ടവർ ഇവിടെ വരുന്ന ഓരോ അതിഥിയുടെയും ആതിഥേയത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. പാഴ്ചെലവുകൾ അനുവദനീയമല്ല ശരിയായ ആസൂത്രണ ത്തോടെ ചെയ്യേണ്ടതാണ്. പക്ഷേ ഒരിക്കലും തന്നെ ലുബ്ധ് വെളിപ്പെടാൻ പാടില്ലാത്തതാണ്. കാരണം ഈ അതിഥി മന്ദിരം നിങ്ങളുടേതല്ല മറിച്ച് ഹ: മസീഹ് മൗഊദ് عليه السلام ന്റെ ലങ്കർ ആണ്. ചില സമയത്ത് ഉത്തരവാദപ്പെട്ടവർക്കെ തിരിലും, അതിഥേയർക്ക് എതിരിലും പരാതികൾ വരാറുണ്ട്. ആയതിനാൽ അവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ലോകത്ത് എല്ലായിടത്തും പ്രത്യേകിച്ച് ഇവിടെ, അത്പോലെ റബ്വയിലും ഖാദിയാനിലും ശ്രദ്ധിക്കേണ്ടതാണ്.

അത് പോലെ ജമാ അത്തിന്റെ പുരോഗമനത്തേകുറിച്ച് ഈ ഇൽഹാമിനെ പ്രതിപാദിച്ചുകൊണ്ട് മസീഹ് മൗഊദ് عليه السلام അരുൾ ചെയ്യുന്നു: ''ബറാഹീനെ അഹ്മദിയ്യായിൽ ഈ ജമാഅത്തിന്റെ പുരോഗതിയെ കുറിച്ചുള്ള പ്രവചനമുണ്ട്.

کَزَرۡعٍ اَخۡرَجَ شَطۡـَٔہٗ فَاٰزَرَہٗ فَاسۡتَغۡلَظَ فَاسۡتَوٰی عَلٰی سُوۡقِہٖ

അതായത് ആദ്യം ഒരു ബീജമായിരിക്കും, പിന്നീട് അത് മുളക്കും, പിന്നീട് അത് വലുതായി അതിന്റെ ശാഖകളിൽ നിലനിൽക്കും. ഇത് ഈ ജമാഅത്ത് രൂപീകൃതമാക്കുന്നതിന് മുമ്പ് ചെയ്ത വളരെ വലിയൊരു പ്രവചനമാണ്. ഇതിന്റെ രൂപീകരണത്തിനും ഇന്നേക്ക് 25 വർഷം മുമ്പ് അന്ന് എനിക്ക് ആരുമായും ബന്ധമുണ്ടായിരുന്നില്ല. ഈ ജമാഅത്ത് ഉണ്ടായി രുന്നില്ല. എന്റെ പേര് പോലും ആർക്കും അറിയില്ലായിരുന്നു. പിന്നീട് അതിന് ശേഷം അല്ലാഹു ജമാഅത്തിനെ നിർമ്മിച്ചു. ഇപ്പോൾ 3 ലക്ഷത്തിൽ അധികം ആളുകൾ ഉണ്ട്.'' (ഇത് ആ കാലഘട്ടത്തിലെ കാര്യമാണ്.) ''ഞാൻ ഒരു ചെറിയ വിത്തായിരുന്നു. അത് അല്ലാഹു തന്റെ കരങ്ങളാൽ വിതച്ചത് ആയിരുന്നു. പിന്നീട് ദീർഘകാലം ഞാൻ മറവിൽ കഴിഞ്ഞു. പിന്നീട് ഞാൻ രൂപപ്പെട്ടു. ഒരുപാട് ശാഖകൾ എന്നോട് ബന്ധം ചേർത്തു. അങ്ങനെ ഈ പ്രവചനം അല്ലാഹുവിന്റെ സഹായത്താൽ പൂർത്തിയായി. ഇന്ന് നമ്മൾ കാണുന്നു അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്ത് ലോകത്തിലെ 204 രാജ്യങ്ങളിൽ സ്ഥാപിതമായിരിക്കുന്നു. കോടിക്കണക്കിന് ആളുകൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഉണ്ട്. ലോക ത്തിന്റെ ഓരോ കോണുകളിലും എം.ടി.എ. മുഖേന മസീഹ് മൗഊദ് عليه السلام ന്റെ സന്ദേശവും എത്തിക്കൊണ്ടിരിക്കുന്നു.

പിന്നീട് അദ്ദേഹം മറ്റൊരു അടയാളത്തെ സംബന്ധിച്ച് ബറാഹീനെ അഹ്മദിയ്യായിൽ പറയുന്നു.

## يعصمک الله من عنده و ان لم يعصمک الناس

അതായത് അല്ലാഹു സ്വയം നിന്നെ എല്ലാ ആപത്തുകളിൽ നിന്നും സംരക്ഷിക്കുന്നതാണ്. അഥവാ ആളുകൾ നീ ആപത്തിൽ നിന്ന് രക്ഷപ്പെടണം എന്ന് ആഗ്രഹിച്ചില്ലെങ്കിലും ശരി. ഞാൻ ഏകാന്തതയുടെ മറവിൽ ആരാലും അറിയപ്പെടാതിരുന്ന കാലഘട്ടത്ത് ലഭിച്ച പ്രവചനമാണിത്. ഞാനുമായും ബൈത്തിന്റെ ബന്ധം ആരും സ്ഥാപിച്ചിട്ടില്ലായിരുന്നു. ആരുമായും ശത്രുതയും ഉണ്ടായിരുന്നില്ല. ആരും അറിയാത്ത എനിക്ക് ശത്രുക്കൾ എങ്ങനെ ഉണ്ടാകാനാണ്. അതിന് ശേഷം മസീഹ് മൗഊദ് ആണ് എന്ന വാദം ഞാൻ ഉന്നയിച്ചപ്പോൾ എല്ലാ മൗലവിമാരും അവരുടെ കൂട്ടരും ഒരു തീജ്വാലയേപ്പോലെയായി. ആ സമയത്ത് ഡോ. മാർട്ടിൻ ക്ലാർക്ക് എന്ന് പേരുള്ള ഒരു പാതിരി എനിക്കെതിരിൽ കൊലകുറ്റത്തിന് കേസ് നൽകി. പഞ്ചാബിലെ മൗലവിമാർ എന്റെ രക്തത്തിന് വേണ്ടി ദാഹിക്കുന്നുവെന്ന് ആ കേസിൽ നിന്ന് എനിക്ക് മനസ്സിലായി. എന്നെ റസൂൽ കരീം ﷺയെ തെറിവിളിക്കുന്ന ഒരു ക്രൈസ്തവനേക്കാൾ മോശമായി കാണുന്നുവെന്ന് എനിക്ക് മനസ്സിലായി. മൗലവിമാർ ഈ കേസിൽ എനിക്കെതിരിൽ കോടതിയിൽ വന്ന് ഈ പാതിരിക്ക് സാക്ഷിയായി അണിനിരന്നു. ചിലർ പാതിരിമാർ വിജയിക്കണം എന്ന ദുഃആയിൽ മുഴുകി ഇരുന്നു. എനിക്ക് വിശ്വസനീയരായ ആളുകളിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചത് മൗലവിമാർ പള്ളികളിൽ ഈ പാതിരിയുടെ വിജയത്തിനായി കരഞ്ഞ് ദുഃആ ചെയ്തു എന്നാണ്. എന്നാൽ എല്ലാം അറിയുന്ന അല്ലാഹു അവരുടെ അർഥനകൾ കേട്ടില്ല. സാക്ഷി പറഞ്ഞവരും, വിജയിച്ചില്ല, ദുഃആ ചെയ്തവരുടെ ദുഃആകൾ സ്വീകരിക്കപ്പെട്ടതുമില്ല. ഈ പണ്ഡിതന്മാർ മതത്തിന്റെ തൂണുകളും സമുദായത്തിന്റെ പേരിൽ മുറവിളികൾ കൂട്ടുന്നവരുമാണ്. ഇവർ എനിക്ക് തൂക്കുമരം ലഭിക്കുന്നതിന് വേണ്ടി തങ്ങളുടെ മുഴുവൻ ആസൂത്രണവും പുറത്തെടുത്തു. അല്ലാഹുവിന്റെയും റസൂൽ ﷺ യുടേയും ശത്രുവിനെ സഹായിക്കുകയും ചെയ്തു. അപ്പോൾ സമുദായത്തിലെ മുഴുവൻ പണ്ഡിതന്മാരും അവരുടെ അനുയായികളും എനിക്കെതിരിൽ അണിനിരന്നപ്പോഴും ആരാണ് എന്നെ ഈ ജ്വലിക്കുന്ന അഗ്നിനാളത്തിൽ നിന്നും രക്ഷപ്പെടുത്തിയത് എന്ന ചിന്ത സ്വാഭാവികമായും ഉദിച്ചു. എന്നെ കുറ്റവാളിയാക്കാൻ എട്ട് ഒൻപത് സാക്ഷികൾ തയ്യാറായിരുന്നു. എന്നിട്ടും ഞാൻ രക്ഷപ്പെട്ടത് എങ്ങനെ. അതിന് മറുപടി ഇതാണ്, ഇതിന് 25 വർഷം മുമ്പ് മറുപടി ലഭിച്ചുകഴിഞ്ഞു. അതായത് നിന്റെ സമുദായം നിന്നെ രക്ഷിക്കുകയില്ല. നിന്നെ നശിപ്പിക്കാൻ ശ്രമിക്കുന്നതാണ്. എന്നാൽ ഞാൻ നിന്നെ സംരക്ഷിക്കുന്നതാണ്. അവൻ മുമ്പ് പറഞ്ഞത് പോലെ ഇന്നേക്ക് 25 വർഷം മുമ്പ് പറഞ്ഞത് പോലെ അന്ന് തന്നെ അത് ബറാഹീനെ അഹ്മദിയ്യായിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു.

## فراه الله مما قالو و كان عند لله وجيها

അതായത് അവന്റെ മേൽ ഉന്നയിക്കപ്പെട്ട് അക്ഷേപങ്ങളിൽ നിന്ന് അല്ലാഹു അവനെ മോചിതനാക്കി അല്ലാഹുവിന്റെ സമക്ഷത്തിൽ അവൻ വിജയിക്കും.

നോക്കുക, ഇത് ഇന്നും പ്രൗഢോജ്ജ്വലമായ നിലയിൽ പൂർത്തിയായിരുന്നു. ഡോ. മാർട്ടിൻ ക്ലാർക്കിന്റെ മകന്റെ പേരകുട്ടി നമ്മുടെ മുന്നിൽ എന്റെ ഉപ്പൂപ്പ തെറ്റ് കാരനാണെന്നും, മിർസാ ഗുലാം അഹ്മദ് ഖാദിയാനി عليه السلام സത്യസന്ധനാണെന്നും തുറന്ന് സമ്മതിക്കുന്നു. ഇത് യു. കെ. ജൽസയുടെ സമയത്ത് രേഖപ്പെടുത്തപ്പെട്ടതാണ്.

ഹദ്റത് മസീഹ് മൗഊദ് عليه السلام തന്റെ മറ്റൊരു അടയാളത്തെ കുറിച്ച് പറയുന്നു. മൗലവി ഗുലാം ദസ്ത് ഗിർ കസുരി തന്റെ മാസിക ഫത്‌വെ റഹ്മാനിയയിൽ 1315 ഹിജ്റിയിൽ എനിക്ക് എതിരിൽ ലുധിയാനയിൽ പ്രസിദ്ധീകരിച്ചു. മുബാഹലയുടെ രൂപത്തിൽ എനിക്കെതിരിൽ ശാപ പ്രാർത്ഥന ചൊരിയുകയുണ്ടായി. ഞാൻ പറഞ്ഞ മാസികയുടെ 26,27 പേജുകളിൽ ഈ ശാപ പ്രാർത്ഥന ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

## اللهم يا عز وجلّ جلالهٔ والاكرام يا مالک الملک

ഏത് പോലെ നീ മജ്മഉൽ ബഹാറുൽ അൻവാറിന്റെ ലേഖകനായ മുഹമ്മദ് താഹിറിന്റെ ദുഃആയും പ്രവർത്തന ഫലവുമായി കള്ള മഹ്ദിയേയും, കള്ള മസീഹിനെയും നശിപ്പിച്ച പോലെ തന്നെ ഈ ഫഖീറായ കസൂരി നിന്റെ സമക്ഷത്തിൽ അർഥിക്കുകയും ദുഃആ ചെയ്യുകയും ചെയ്യുന്നു. സത്യഹൃദയത്തോടു കൂടി ഞാൻ നിന്റെ ദീനിനെ പരിചരിക്കുന്നവനാകുന്നു. മിർസാ ഗുലാം അഹ്മദ് ഖാദിയാനിക്കും കൂട്ടർക്കും പശ്ചാത്തപിച്ച് വരാനുള്ള തൗഫീഖ് നൽകേണമേ. അഥവാ അത് സാധ്യമല്ലെങ്കിൽ അവരെ വിശുദ്ധ ഖുർആന്റെ ഈ ആയത്തിന്റെ അടയാളമാക്കണമേ.

فَقُطِعَ دَابِرُ الْقَوْمِ الَّذِينَ ظَلَمُوا ۚ وَالْحَمْدُ لِلَّهِ رَبِّ الْعَٰلَمِينَ ﴿٤٥﴾

അതായത് അക്രമികളായവർ വേരോടെ പിഴുതെടുക്കപ്പെടും. സർവ ശക്തിക്കും അധിപനായ ദൈവത്തിന് സർവ സ്തുതികളും, നീ ദുഃആ സ്വീകരിക്കുന്നവനും ആകുന്നു.

തന്റെ പുസ്തകത്തിന്റെ 26 ാം പേജിൽ മൗലവി സാഹിബ് എഴുതുന്നു. **തബ്ബൻ ലഹൂ വൽ അത്ത്ബായിഹി.** അതായത് അവനും അവന്റെ അനുചരന്മാരും നശിച്ച് പോകട്ടെ. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ ഇപ്പോഴും ജീവിച്ചിരിക്കുന്നു എന്റെ പിൻഗാമികൾ ആ സമയത്ത് 85 പേരായിരുന്നു. എന്നാൽ ഇന്ന് നൂറുക്കണക്കിന് ആയിരക്കണക്കിന് അനുചരന്മാർ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഉണ്ട്. മൗലവി ഗുലാം ദസ്തിഗീറിന്റെ വിധി فَقُطِعَ دَابِرُ الْقَوْمِ الَّذِينَ ظَلَمُوا ۚ എന്നതിന്റെ അടിസ്ഥാനത്തിൽ നിർണയിച്ചതിനാൽ അക്രമികളുടെ വേര് മുറിച്ച് മാറ്റപ്പെടുന്നതാണ്. ഈ ആയത്തിന്റെ ആശയം എല്ലാവർക്കും അറിയാവുന്നതുപോലെ തത്വത്തിൽ അത് ഫലിക്കുന്നത് അക്രമികളെ തന്നെയാണ്. ആയതിനാൽ അക്രമി നശിപ്പിക്കപ്പെടേണ്ടത് അനിവാര്യമായിരുന്നു. ഗുലാം ദസ്തിഗീർ അല്ലാഹുവിന്റെ കാഴ്ച്ചപ്പാടിൽ അക്രമി ആയിരുന്ന കാരണത്താൽ അദ്ദേഹത്തിന് അധികം സമയം അനുവദിക്കപ്പെട്ടില്ല. ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് തന്നെ മരണപ്പെട്ടു. എല്ലാവർക്കും അറിയാവുന്നത് പോലെ ഈ ദുഃആ ചെയ്ത് ഏതാനും ദിവസങ്ങൾക്കകം തന്നെ അയാൾ മരണപ്പെട്ടു.

ചില അജ്ഞരായ മൗലവിമാർ പറയുന്നു, ഗുലാം ദസ്തിഗീർ മുബാഹല ചെയ്തിട്ടില്ല. അക്രമിക്ക് വേണ്ടി ശാപ പ്രാർത്ഥനയാണ് നടത്തിയത്. എന്നാൽ ഞാൻ പറയുന്നു, എന്റെ മരണത്തിലൂടെ അദ്ദേഹം അല്ലാഹുവിനോട് തീരുമാനം ആവശ്യപ്പെട്ടു. എന്നെ അക്രമിയായി

ചിത്രീകരിച്ചു. അപ്പോൾ ആ ശാപപ്രാർത്ഥന അദ്ദേഹത്തിൽ തന്നെ ആപതിക്കാൻ കാരണമെന്താണ്. ആളുകൾ ഒരു ദൈവിക വിധിക്കായി കാത്തിരിക്കുമ്പോൾ അല്ലാഹു ഗുലാം ദസ്തിഗീറിനെ തന്നെ നശിപ്പിച്ചത് എന്തിനാണ്, അയാൾ തന്റെ ദുഃആയിൽ എന്റെ നാശത്തിലൂടെ ലോകത്തിന് മുഹമ്മദ് താഹിറിന്റെ ശാപ പ്രാർത്ഥന മുഖേന കള്ള മഹ്ദിയും, കള്ള മസീഹും നാശമടഞ്ഞത് പോലെ എനിക്കെതിരിൽ ശാപപ്രാർഥന നടത്തിയതിന് എതിരായ തീരുമാനം ഉണ്ടായത് എന്തിനാണ്?. മുഹമ്മദ് താഹിറിന്റെ ശാപപ്രാർഥന മുഖേന കള്ള മഹ്ദിയും കള്ള മസീഹും നാശമടഞ്ഞിരുന്നു. എന്നാൽ ഇതേ മുഹമ്മദ് താഹിറിനെ പിൻപറ്റിക്കൊണ്ട് ഗുലാം ദസ്തിഗീർ എനിക്കെതിരിൽ ശാപപ്രാർഥന നടത്തി. മനസ്സിലാകുന്നത് ഇതാണ് മുഹമ്മദ് താഹിറിന്റെ ശാപപ്രാർഥനയുടെ പ്രതികരണം എന്തായിരുന്നു.? ഗുലാം ദസ്തിഗീറിന്റെ ശാപപ്രാർഥനക്ക് എന്ത് പ്രതികരണം ഉണ്ടായി? ഗുലാം ദസ്തിഗീർ യാദൃശ്ചികമായി മരിച്ചു എന്ന് പറയുകയാണെങ്കിൽ ആ കള്ള മഹ്ദിയും യാദൃശ്ചികമായി മരിച്ചു എന്ന് പറയുക. മുഹമ്മദ് താഹിറിന്റെ യാതൊരു കറാമത്തും ആയിരുന്നില്ല. لَّعۡنَتَ اللّٰهِ عَلَى الۡكٰذِبِيۡنَ

ഇപ്പോൾ ഏകദേശം ഗുലാം ദസ്തിഗീർ മരിച്ചിട്ട് 11 വർഷം ആയിരുന്നു അക്രമിയെ അല്ലാഹു നശിപ്പിച്ചു. അയാളുടെ ഭവനം വിജനമാക്കി. നീതിപൂർവ്വം പറയുക. ആരുടെ വേരാണ് മുറിക്കപ്പെട്ടത് ആരിലാണ് ഈ ദുഃആ പതിച്ചത് അല്ലാഹു പറയുന്നു,

وَّ يَتَرَبَّصُ بِكُمُ الدَّوَآئِرَ ؕ عَلَيۡهِمۡ دَآئِرَةُ السَّوۡءِ ؕ وَاللّٰهُ سَمِيۡعٌ عَلِيۡمٌ ﴿۹۸﴾ (തൗബ 98)

അല്ലയോ പ്രവാചകാ, നിന്നിൽ ഈ അക്രമികളായ ശത്രുക്കൾ പല അതിക്രമങ്ങൾ പ്രവർത്തിക്കുന്നു. എന്നാൽ അവരിൽ തന്നെ ഈ അതിക്രമങ്ങൾ പതിക്കുന്നതാണ്.

അപ്പോൾ ഈ ആയത്തിന്റെ അടിസ്ഥാനത്തിൽ സത്യവാന് എതിരിൽ ആരാണോ ശാപപ്രാർത്ഥന നടത്തുന്നത് അതേ ശാപപ്രാർത്ഥന അവനിൽ പതിക്കും എന്നത് അല്ലാഹുവിന്റെ സനാതനമായ സുന്നത്താണ്. ഇത് അല്ലാഹുവിന്റെ ചര്യയിൽ നിന്നും ശരിയായ ഹദീസുകളിൽ നിന്നും വെളിപ്പെട്ടിട്ടുള്ളവയാണ്. ഇനി പറയുക, ഗുലാം ദസ്തിഗീർ ഈ ശാപപ്രാർത്ഥന മൂലം മരണമടഞ്ഞോ ഇല്ലയോ, അല്ലെങ്കിൽ ഇതിലെ വിത്യാസം പറയുക, മുഹമ്മദ് താഹിർ ശാപപ്രാർത്ഥന മുഖേന ഒരു കള്ളമഹ്ദി മരിച്ചതും, എനിക്കെതിരിൽ ചെയ്ത ശാപപ്രാഥന ആയുസ്സ് ദീർഘിപ്പിച്ച് തരികയും ഗുലാം ദസ്തിഗീറിന് ഒരുമാസം പോലും ആയുസ്സ് നൽകാതിരിക്കുകയും ചെയ്തത് എന്തിനാണ്.

അതു പോലെ സാഹിത്യ സമ്പുഷ്ടതയുടെ അടയാളങ്ങളെ കുറിച്ച് ബറാഹീനെ അഹ്മദിയ്യായിൽ പറഞ്ഞിരിക്കുന്നു. ''നിനക്ക് അറബി ഭാഷയിൽ സാഹിത്യ സമ്പുഷ്ടമായ ജ്ഞാനങ്ങൾ നൽകപ്പെടും. അതിനെ ആർക്കും തന്നെ എതിരിടാൻ സാധ്യമല്ല. ആകയാൽ ആർക്കും ഇന്ന് വരെ എതിരിടാൻ സാധിച്ചിട്ടില്ല. ഇതിനെ സംബന്ധിച്ച് അല്ലാഹുവിൽ നിന്ന് വെളിപാട് ലഭിച്ചിരുന്നു.

كلام فصّلت من لّدنک ربٌّ كريمٌ

ഞാൻ ഇത് വരെ എഴുതിയിട്ടുള്ള അറബി ഗ്രന്ഥങ്ങളിൽ ചിലത് ഗദ്യരൂപത്തിലും ചിലത് പദ്യരൂപത്തിലുമാണ്. അതിന് തുല്യമായത് എതിരാളികളായ പണ്ഡിതന്മാർക്ക് കൊണ്ട് വരാൻ സാധിച്ചിട്ടില്ല. അതിന്റെ വിവരണം ഇപ്രകാരമാണ്.

രിസാല അഞ്ചാമെ ആഥമിന്റെ അനുബന്ധം പേജ് 73 മുതൽ 282 വരെ അറബിയിലാണ്. അത്തബ്ലീഗ്, ആയിനെ കമാലാത്തെ ഇസ്ലാമിന്റെ അനുബന്ധം, കറാമാത്തു സാദിഖീൻ ഹമാമത്തുൽ ബുശ്റ, സീറത്തുൽ അബ്ദാൽ, നൂറുൽ ഹഖ് ഭാഗം1, ഭാഗം 2, തഹ്ഫയെ ബാഗ്ദാദ്, ഇഅ്ജാസുൽ മസീഹ്, അത്മാമുൽ ഹുജ്ജത്ത്, ഹുജ്ജത്തുല്ലാഹ്, സിർറുൽ ഖിലാഫത്ത്, മവാഹിബുർ റഹ്മാൻ, ഇഅ്ജാസുൽ അഹ്മദി, ഖുത്ബയെ ഇൽഹാമിയ, അൽഹുദാ, അലാമാത്തുൽ മുകർറിബീൻ, തദ്കിറത്തെ ശഹാദത്തൈന്റെ അനുബന്ധം, അത് പോലെ അറബിയിൽ എഴുതപ്പെടുകയും ഇത് വരെ പ്രസിദ്ധീകരിച്ചിട്ടില്ലാത്തതുമായ ഗ്രന്ഥങ്ങൾ, തർഗീബുൽ മുഅ്മിനീൻ, ഹുജ്ജത്തുന്നൂർ, നജ്മുൽ ഹുദാ (ഇത് ആ സമയത്തെ കാര്യമാണ്.)

അല്ലാഹു അദ്ദേഹത്തോട് പറഞ്ഞിരിക്കുന്ന ഈ പ്രവചനം അദ്ദേഹം വെളിപ്പെടുത്തി. പിന്നീട് ഈ ഗ്രന്ഥങ്ങൾ എഴുതുകയും ചെയ്തു. ഈ ഗ്രന്ഥങ്ങളുടെ സാഹിത്യ സമ്പുഷ്ടത അന്യരും അംഗീകരിക്കുന്നതാണ്. ഇതിനെ കുറിച്ച് ഞാൻ ചില ഖുത്ബകൾക്ക് മുമ്പ് പ്രതിപാദിച്ചിരുന്നു.

പിന്നീട് ഹ: മസീഹ് മൗഊദ് عليه السلام പറയുന്നു, ''ഒരു ഹിന്ദു സഹോദരൻ ഖാദിയാനിൽ എന്റെ അടുക്കൽ വന്നു. അദ്ദേഹത്തിന്റെ പേര് ഓർമ്മയില്ല. ഞാൻ ഒരു സർവമത സമ്മേളനം നടത്താൻ ആഗ്രഹിക്കുന്നു. താങ്കളും താങ്കളുടെ മതത്തിന്റെ ശ്രേഷ്ഠതകളെ കുറിച്ച് ഒരു ഗ്രന്ഥം രചിക്കുകയും അത് ഈ ജൽസയിൽ അവതരിപ്പിക്കുകയും ചെയ്യുക. ഞാൻ ആദ്യം ഒഴിവ് കഴിവുകൾ പറഞ്ഞു, എന്നാൽ അദ്ദേഹം ഒരുപാട് നിർബന്ധിച്ചു താങ്കൾ തീർച്ചയായും എഴുതുക എന്ന് പറഞ്ഞു. ഞാൻ പറഞ്ഞു എനിക്ക് സ്വന്തമായി ഒന്നും ചെയ്യാൻ കഴിയില്ല എനിക്ക് അല്ലാഹുവിന്റെ നിർദ്ദേശമില്ലാതെ ഒന്നും പറയാനും കഴിയില്ല. അവൻ കാണിക്കാതെ കണ്ട് ഒന്ന് കാണാൻ കഴിയില്ല. ആയതിനാൽ ഞാൻ ദൈവസന്നിധിയിൽ ദുഃആ ചെയ്തു. ഈ സദസ്സിൽ അവതരിപ്പിക്കപ്പെടുന്ന എല്ലാ പ്രബന്ധങ്ങളേക്കാളും ശ്രേഷ്ഠമായ പ്രബന്ധം എനിക്ക് അവതരിപ്പിച്ചാലും എന്ന് ഞാൻ ദുഃആ ചെയ്തു. ദുഃആക്ക് ശേഷം എനിക്ക് എന്റെ ആത്മാവിൽ ഒരു ശക്തി ഊതപ്പെട്ടത് പോലെ തോന്നി. ഞാൻ ആകാശീയ ശക്തിയുടെ ഒരു ചലനം എന്നിൽ അനുഭവിച്ചു. ആ സമയത്ത് എന്നൊട് കൂടെ ഉണ്ടായിരുന്ന സുഹൃത്തുക്കൾക്ക് അത് അറിയാം ഞാൻ പ്രബന്ധത്തിനായി യാതൊരു തയ്യാറെടുപ്പും നടത്തിയിട്ടില്ല. ഞാൻ എന്റെ പേന ചലിപ്പിച്ചുകൊണ്ടിരുന്നു. ഞാൻ എത്ര വേഗത്തിൽ എഴുതിയെന്നാൽ പകർത്തെഴുത്ത് കാരന് ബുദ്ധിമുട്ട് അനുഭവപ്പെട്ടു. ഞാൻ ഈ പ്രബന്ധം പൂർത്തിയാക്കിയപ്പോൾ അല്ലാഹുവിൽ നിന്ന് എനിക്ക് വെളിപാട് ലഭിച്ചു. പ്രബന്ധം ഉന്നതമായിരുന്നു എന്ന്. ചുരുക്കത്തിൽ ആ പ്രബന്ധം ഈ സദസ്സിൽ അവതരിക്കപ്പെട്ടപ്പോൾ, അത് വായിക്കുന്ന സമയത്ത് ശ്രോതാക്കൾ ഒരു അനിഭൂതിയുടെ ലോകത്തായിരുന്നു. എല്ലാ ഭാഗത്ത് നിന്നും പുകഴ്ത്തലുകൾ വന്ന് കൊണ്ടിരുന്നു. ഏത് വരെയെന്നാൽ ഈ സദസ്സിന്റെ അധ്യക്ഷനായിരുന്ന ഹിന്ദു സ്നേഹിതൻ അനിയന്ത്രിതമായി

പറഞ്ഞു, ഈ ലേഖനം മറ്റ് എല്ലാ ലേഖനങ്ങളേക്കാളും ഉന്നതമായിരുന്നു.

സിവിലിയൻ ആന്റ് മിലിറ്ററി ഗസറ്റ് എന്ന പേരിൽ ലാഹോറിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന ഇംഗ്ലീഷ് പത്രത്തിലും ഈ ലേഖനം ഉന്നതമായിരുന്നു എന്ന് സാക്ഷ്യം പറയുന്നു. അത് പോലെ 20 ൽ പരം ഉർദു പത്രങ്ങളും ഇതിന് സാക്ഷ്യം വഹിച്ചു. ഏതാനും ചില അസൂയാലുക്കൾ ഒഴിച്ച് ആ സദസ്സിൽ ഉണ്ടായിരുന്ന എല്ലാവരും ഒരേ സ്വരത്തിൽ അംഗീകരിച്ചത്, ഈ പ്രബന്ധം മറ്റ് എല്ലാ പ്രബന്ധങ്ങളേക്കാളും ഉന്നതമായിരുന്നു എന്നാണ്. ഇന്നും ഇതേ സാക്ഷ്യം പറയുന്ന നൂറുക്കണക്കിന് ആളുകൾ നിലവിലുണ്ട്. ചുരുക്കത്തിൽ എല്ലാ വിഭാഗങ്ങളുടേയും സാക്ഷ്യപ്പെടുത്തലുകളും അത്പോലെ ഇംഗ്ലീഷ് പത്രങ്ങളുടെ സാക്ഷ്യപ്പെടുത്തലും മുഖേന എന്റെ പ്രവചനം പൂർത്തിയായി പ്രബന്ധം ഉന്നതമായിരുന്നു.

ഈ മത്സരം ഹദ്റത് മൂസാ عليه السلام തന്റെ എതിരാളികളായ ജാല വിദ്യക്കാരോട് ചെയ്ത മത്സരത്തിന് തുല്യമായത് ആയിരുന്നു. കാരണം ഈ കൂട്ടത്തിൽ വിത്യസ്ത ചിന്താഗതിക്കാരായ ആളുകൾക്ക് അവരവരുടെ മത വിശ്വാസത്തെ കുറിച്ചുള്ള പ്രഭാഷണങ്ങളാണ് കേൾപ്പിച്ചത്, അതിൽ ചിലർ ക്രൈസ്തവർ ആയിരുന്നു. ചിലർ സനതൻ ധർമത്തിലെ ഹിന്ദുക്കളും, ആര്യസമാജക്കാരായ ഹൈന്ദവരും, ചിലർ ബ്രഹ്മ സമാജികളും, ചിലർ സിക്ക്കാരും മറ്റ് ചിലർ സമ്മുടെ എതിരാളികളായ മുസ്‌ലിംകളും ആയിരുന്നു. അവരെല്ലാവരും തങ്ങളുടെ വിശ്വാസങ്ങളാകുന്ന കാൽപനിക നാഗങ്ങളെ മുറുകെ പിടിച്ചിരുന്നു. എന്നാൽ അല്ലാഹു എന്റെ കൈകൊണ്ട് ഇസ്‌ലാമിക ആദർശങ്ങളുടെ ദൺഢിനെ വൈജ്ഞാനികമായ പ്രഭാഷണത്തിലൂടെ അവർക്കെതിരിൽ വിട്ടപ്പൊൾ അത് സർപമായിക്കൊണ്ട് എല്ലാറ്റിനേയും വിഴുഞ്ഞിക്കളഞ്ഞു. ഇന്ന് വരേക്കും സമൂഹം വളരെ സ്തുതിയോട് കൂടി എന്റെ വായിൽ നിന്ന് വന്ന ഈ പ്രഭാഷണത്തെ കുറിച്ച് ചർച്ച ചെയ്യുന്നു.

ആ കാലത്ത് മാത്രമല്ല ഇന്നും വായിച്ചിക്കുന്നവർ അംഗീകരിക്കുന്ന കാര്യമാണ്. അതുകൊണ്ടാണ് ഞാൻ പറയുന്നത് ഈ ഗ്രന്ഥത്തിലെ വിഷയങ്ങൾ ലിറ്ററേച്ചറുകളിലും മറ്റും നൽകേണ്ടതാണ്. അന്യരായ ധാരാളം ആളുകൾ എന്നോട് പറയുന്നത് ഈ ഗ്രന്ഥം വായിച്ചതിലൂടെ ഞങ്ങൾക്ക് ഇസ്‌ലാമിന്റെ യഥാർഥ സൗന്ദര്യത്തെ മനസ്സിലാക്കാൻ സാധിച്ചു എന്നാണ്. പുതിയതായി ബൈഅത്ത് ചെയ്ത് വരുന്ന ധാരാളം ആളുകൾ അവരോട് എന്താണ് ഇതിലേക്ക് ആകർഷിച്ചത് എന്ന് ചോദിക്കുമ്പോൾ പലരും തന്നെ പറയുന്ന മറുപടി ഇസ്‌ലാം മത തത്വജ്ഞാനം എന്ന ഗ്രന്ഥമാണ് ഞങ്ങളെ ആകർഷിച്ചത് എന്നാണ്. അങ്ങനെ ഞങ്ങൾക്ക് ഇസ്‌ലാമിനോടും ജമാഅത്തിനോടും താത്പര്യം തോന്നി എന്നാണ്. اَلْحَمْدُ لِلّٰهِ

ഹ: മസീഹ് മൗഊദ് عليه السلام അരുൾ ചെയ്യുന്നു: "പരിശുദ്ധമായതിനും, അവിശുദ്ധമായതിനുമിടയിൽ വ്യത്യാസം കൽപ്പിക്കുന്നത് വരെ ഞാൻ നിന്നെ ഉപേക്ഷിക്കുകയില്ല. എന്ന പ്രവചനം ആ കാലഘട്ടത്തിൽ തന്നെ നിങ്ങൾ കണ്ടതാണ്. നിങ്ങളുടെ കൊടിയ ശത്രുതയും, ശാപ പ്രാർത്ഥനകളുണ്ടായിട്ടും അവൻ എന്നെ ഉപേക്ഷിച്ചില്ല. എല്ലാ മൈതാനത്തും അവൻ എന്റെ സഹായിയായി. എന്നിലേക്ക് വർഷിക്കപ്പെട്ട ഓരോ കല്ലുകളും അവൻ തന്റെ കൈകളാൽ തടഞ്ഞു. എന്നിലേക്ക് തൊടുത്തുവിട്ട ഓരോ ശരങ്ങളും അവൻ എതിരാളികൾക്ക് നേരെ തിരിച്ച് വിട്ടു, ഞാൻ നിസ്സഹായനായിരുന്നു, അവൻ എനിക്ക് ആശ്രയം നൽകി, ഞാൻ ഏകനായിരുന്നു അവൻ എന്നെ അവന്റെ കരവലയത്തിലാക്കി, ഞാൻ ഒന്നുമല്ലായിരുന്നു എന്നാൽ അവൻ എനിക്ക് ആദരവോട് കൂടിയ പ്രശസ്തി നൽകുകയും ലക്ഷക്കണക്കിന് ആളുകളെ എന്റെ ചിന്താഗതിക്കാരാക്കുകയും ചെയ്തു. പിന്നീട് ഇതേ പരിശുദ്ധ വെളിപാടിൽ പറയുന്നു. എന്റെ സഹായം നിനക്ക് ലഭിക്കുന്നതാണ്. എന്റെ വാക്കുകൾ പൂർത്തിയാകുന്നതാണ്. അതായത് സൃഷ്ടികൾ തിരിയുന്നതാണ്. സാമ്പത്തിക സഹായങ്ങൾ ലഭിക്കുന്നതാണ്. അപ്പോൾ എതിരാളികളോട് പറയപ്പെടും, നിങ്ങൾ ധൃതിപ്പെട്ടിരുന്ന കാര്യങ്ങൾ ഇപ്പോൾ പൂർത്തിയായില്ലെ. അങ്ങനെ ഇന്ന് എല്ലാ കാര്യങ്ങളും പൂർത്തിയായിരിക്കുന്നു. അതൊന്നും വിശദീകരിക്കേണ്ട കാര്യമില്ല. അല്ലാഹു തന്റെ വാഗ്ദാനത്തെ പൂർത്തീകരിച്ചു കൊണ്ട് ലക്ഷക്കണക്കിന് ആളുകളെ എന്നിലേക്ക് തിരിച്ചിരിക്കുന്നു. ആരും സ്വപ്നത്തിൽ പോലും ചിന്തിക്കാതിരുന്ന രീതിയിൽ സാമ്പത്തിക സഹായങ്ങളും ലഭിച്ചു. അല്ലയോ ശത്രുക്കളേ അല്ലാഹു നിങ്ങളിൽ കരുണ ചെയ്യട്ടെ. നിങ്ങൾ കണ്ണ് തുറക്കുക ചിന്തിക്കുക, ഇത് മനുഷ്യന്റെ തന്ത്രങ്ങൾ ആകുമോ? ഈ വാഗ്ദാനങ്ങൾ ബറാഹീനെ അഹ്മദിയ്യാ രചിക്കുമ്പോൾ ചെയ്തിരുന്നതാണ്. ആ സമയത്ത് സമൂഹത്തിന് മുന്നിൽ ഇതിനെകുറിച്ച് പറയുന്നത് പോലും പരിഹാസമായിരുന്നു. കടുകുമണി തൂക്കം പോലും എനിക്ക് വിലയുണ്ടായിരുന്നില്ല. ഈ കാലങ്ങളിൽ ഞാൻ തെറ്റിലാണ് എന്ന് ആർക്കാണ് പറയാൻ സാധിക്കുക. ഈ ആയിരക്കണക്കിന് ആളുകളിൽ ഒരാൾ പോലും എന്നിലേക്ക് വരാൻ തത്പരനായിരുന്നു എന്ന് നിങ്ങളിൽ ആർക്കാണ് പറയാൻ സാധിക്കുക. ബറാഹീനെ അഹ്മദിയ്യാ പ്രസിദ്ധീകരിക്കുന്ന സമയത്ത് പോലും ഞാൻ എത്രത്തോളം ആരാലും അറിയപ്പെടാത്തവൻ ആയിരുന്നെന്നാൽ അമൃതസറിലെ അജബ് അലി എന്ന് പേരുള്ള ഒരു പാതിരിയുടെ പ്രസ്സിൽ എന്റെ ബറാഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥം അച്ചടിച്ചിരുന്നു. ഞാൻ അതിന്റെ പ്രൂഫ് നോക്കുന്നതിനായും അച്ചടിക്കുന്നതിനായും ഒറ്റയ്ക്ക് പോവുകയും വരികയും ചെയ്യുമായിരുന്നു. നീ ആരാണ് എന്ന് വന്ന് പോകുന്നവർ ആരും തന്നെ എന്നോട് ചോദിച്ചിരുന്നില്ല. എന്നെ ആർക്കും അറിയില്ലായിരുന്നു. എനിക്ക് യാതൊരു ബഹുമാന സ്ഥാനങ്ങളും ഇല്ലായിരുന്നു. എന്റെ ഈ അവസ്ഥയെകുറിച്ച് ഖാദിയാനിലെ ആര്യമതസ്ഥർക്കും അറിയാവുന്നതാണ്. അതിൽ ശറംപത് എന്ന ആര്യ മതസ്ഥൻ ഇപ്പോഴും ഖാദിയാനിലുണ്ട്. ചില സമയത്ത് എന്നോടൊപ്പം പാതിരി അജബ് അലിയുടെ പ്രസ്സിൽ ഇയാൾ വരുമായിരുന്നു. അവിടെ എന്റെ ഗ്രന്ഥം ബറാഹീനെ അഹ്മദിയ്യാ അച്ചടിച്ചിരുന്നു. എന്റെ എല്ലാ പ്രവചനങ്ങളും അവിടത്തെ പകർപ്പെഴുത്തുകാരൻ എഴുതുമായിരുന്നു. ആ പാതിരി വളരെ ആശ്ചര്യത്തോട് കൂടി ഈ പ്രവചനങ്ങൾ വായിച്ചിട്ട് ചോദിക്കുമായിരുന്നു. ഒരു സാധാരണക്കാരനായ വ്യക്തിയിലേക്ക് മുഴുവൻ ലോകത്തിന്റെയും ശ്രദ്ധ തിരിയുക

എന്നത് എങ്ങനെ സാധ്യമാകാനാണ്. എന്നാൽ ഈ കാര്യങ്ങളെല്ലാം തന്നെ ദൈവത്തിങ്കൽ നിന്നുള്ളതായിരുന്നു. എന്റെ സ്വന്തം വാക്കുകൾ ആയിരുന്നില്ല. അതിനാൽ ഈ കാര്യങ്ങളെല്ലാം തന്നെ കൃത്യസമയത്ത് പൂർത്തിയായി പലതും പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഒരു സമയത്ത് മനുഷ്യ ദൃഷ്ടി എന്നെ ആശ്ചര്യത്തോട് കൂടി നോക്കി, മറ്റൊരു സമയത്ത് ഇതെല്ലാം പൂർത്തിയാകുന്നതും കണ്ടു. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ ഗാംഭീര്യത്തോടുകൂടി പുലർന്ന് കൊണ്ടിരിക്കുന്നു. ഞാൻ ആദ്യം സൂചിപ്പിച്ചത് പോലെ എം.ടി.എ. മുഖേന ലോകത്ത് എല്ലായിടത്തും ഈ സന്ദേശങ്ങൾ എത്തിക്കൊണ്ടിരിക്കുന്നു.

അത്പോലെ തന്നെ പ്രസ്സിനു വേണ്ടി അമൃതസറിൽ പോയിരുന്നു. ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഖാദിയാനിൽ എല്ലാവിധ നൂതന സാങ്കേതിക വിദ്യകളോടും കൂടിയ പ്രസ്സ് തയ്യാറാകുകയും അതിൽ പുസ്തകങ്ങൾ അച്ചടിക്കുകയും ചെയ്യുന്നു. ഹ: മസീഹ് മൗഊദ് عليه السلام അരുൾ ചെയ്യുന്നു. അല്ലാഹു എന്റെ സത്യതയ്ക്കുള്ള സാക്ഷ്യമായിക്കൊണ്ട് മൂന്ന് ലക്ഷത്തിൽ അധികം ആകാശീയ അടയാളങ്ങൾ പ്രകടമാക്കിയിരിക്കുന്നു. ആകാശത്ത് സൂര്യചന്ദ്രഗ്രഹണങ്ങൾ റംസാൻ മാസത്തിൽ നടന്നു. ഇനി ഏതൊരു വ്യക്തിയാണോ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും വാക്കുകൾ അനുസരിക്കാതിരിക്കുകയും വിശുദ്ധ ഖുർആനെ നിരാകരിക്കുകയും മനപ്പൂർവ്വം അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിരാകരിക്കുകയും, എന്നെ നൂറുക്കണക്കിന് ദൃഷ്ടാന്തങ്ങൾക്ക് ശേഷവും കള്ളവാദിയായി കാണുകയും ചെയ്യുന്നത് അവൻ വിശ്വാസിയാകുന്നത് എങ്ങനെയാണ്.

എന്തായാലും അടയാളങ്ങൾ ഞാൻ സമർപ്പിച്ചു. ഹദ്റത് മസീഹ് മൗഊദ് عليه السلام പറഞ്ഞിരിക്കുന്നത് ലക്ഷക്കണക്കിന് അടയാളങ്ങൾ ഉണ്ടെന്നാണ്. ഇതെല്ലാം തന്നെ മസീഹ് മൗഊദ് عليه السلام ന്റെ സത്യസന്ധതക്കുള്ള അടയാളങ്ങളാണ്. അത് നിലച്ചിട്ടില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അത് ഇന്നും തുടർന്ന് കൊണ്ടിരിക്കുന്നു. ആയിരക്കണക്കിന് ആളുകൾ ഈ അടയാളങ്ങൾ കണ്ട്കൊണ്ട് ആഗോള അഹ്മദിയ്യാ മുസ്ലിം ജമാഅത്തിൽ പ്രവേശിക്കുന്നു. ബൈഅത്ത് ചെയ്യുന്നു. റസൂൽ ﷺ യുടെ സത്യപ്രേമിയുടെ ജമാഅത്തിൽ ബൈഅത്ത് ചെയ്തു പ്രവേശിക്കുന്നു.

എന്നാൽ ചില സ്ഥലങ്ങളിൽ അഹ്മദികൾക്ക് ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരുന്നു. എതിർപ്പുകൾ അനുഭവിക്കുന്നു. اِنْ شَآءَاللّٰهُ ഇതെല്ലാം തന്നെ അവസാനിക്കുന്ന സമയം വരുന്നതാണ്. അത് കണ്ട്കൊണ്ട് നമ്മുടെ വിശ്വാസത്തിലും ജ്ഞാനത്തിലും വർധനവുണ്ടാകുന്നതാണ്.

ഹദ്റത് മസീഹ് മൗഊദ് عليه السلام അരുൾ ചെയ്യുന്നു ദൈവത്തിനു വേണ്ടി ശ്രോതാക്കൾ ഇവിടെ ചിന്തിച്ചു നോക്കുകയാണെങ്കിൽ അല്ലാഹു അവർക്ക് പ്രതിഫലം നൽകുന്നതാണ്. അല്ലാഹു തന്റെ അടയാളങ്ങളേയും ദൃഷ്ടാന്തങ്ങളേയും അവസാനിപ്പിച്ചിട്ടില്ല. അവന്റെ അസ്തിത്വത്താലാണെ സത്യം. എന്റെ സത്യസന്ധതയെ ലോകത്ത് പ്രകടിപ്പിക്കുന്നത് വരെ അവൻ അത് അവസാനിപ്പിക്കുന്നതുമല്ല. അല്ലയോ എന്റെ ശബ്ദം കേൾക്കുന്ന ജനങ്ങളെ, ദൈവത്തെ ഭയപ്പെടുക, അതിരുവിട്ട് പെരുമാറാതിരിക്കുക. അഥവാ ഇത് മനുഷ്യന്റെ തന്ത്രങ്ങളാണ് എങ്കിൽ അല്ലാഹു എന്നെ നശിപ്പിച്ചിരുന്നേനെ. ഈ മുഴുവൻ വ്യവഹാരങ്ങളുടേയും നാമം പോലും അവശേഷിക്കില്ലായിരുന്നു. എന്നാൽ നിങ്ങൾ കാണുന്നില്ലേ? അല്ലാഹുവിന്റെ സഹായ ഹസ്തങ്ങൾ ഏതുരീതിയിലാണ് എന്നോടൊപ്പമുള്ളതെന്ന്. എണ്ണമറ്റ അടയാളങ്ങൾ വെളിപ്പെട്ടു കഴിഞ്ഞിരിക്കുന്നു. നോക്കുക എന്നൊട് മുബാഹല ചെയ്ത് നാശമടഞ്ഞ എത്രയോ ശത്രുക്കളുണ്ട്. അല്ലയോ ദൈവത്തിന്റെ ദാസാ, ദൈവം കള്ളവാദികളോട് ഈ രീതിയിൽ വർത്തിക്കുമോ?.

ഇന്ന് ഞാൻ പറഞ്ഞത് പോലെ 125 വർഷമായി അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ പ്രസ്ഥാനം പുരോഗമിച്ച് കൊണ്ടിരിക്കുകയാണ്. ഈ ആളുകൾ ബുദ്ധി ഉപയോഗിക്കുകയില്ലേ? ശത്രുക്കൾ തങ്ങളുടെ ശത്രുതയിൽ നിന്നും വിട്ട് നിൽക്കുകയില്ലേ? അല്ലാഹു ഇവർക്ക് സത്ബുദ്ധി നൽകട്ടെ എന്ന് ദുഃആ ചെയ്യാം. ഇവർ കാലത്തിന്റെ ഇമാമിനേയും മസീഹ് മൗഊദിനേയും തിരിച്ചറിയുന്നവർ ആകട്ടെ. അല്ലെങ്കിൽ അല്ലാഹുവിന്റെ പിടുത്തം വരുമ്പോൾ എല്ലാ ശത്രുക്കളും അവർ എത്ര ശക്തന്മാർ ആയിരുന്നാലും ശരി ധൂമപടലങ്ങളെപ്പോലെ പറന്ന് പോകുന്നതാണ്. ഉണങ്ങിയ വിറകിനെ പോലെ ഭസ്മമായിപ്പോകുന്നതാണ്. അല്ലാഹു ഇവർക്ക് ബുദ്ധി നൽകട്ടെ. ഇവർ മനസ്സിലാക്കുന്നവരാകട്ടെ. ഇതു കൂടാതെ ഞാനിന്ന് ദുഃആക്ക് വേണ്ടി പറയാൻ ആഗ്രഹിക്കുന്നു. സിറിയയിലെ അഹ്മദികൾക്ക് വേണ്ടിയും പ്രത്യേകം ദുഃആ ചെയ്യേണ്ടത് ആവശ്യമാണ്. പാക്കിസ്ഥാനിലെ അഹ്മദികൾക്കും വേണ്ടി പ്രത്യേകം ദുഃആ ചെയ്യേണ്ടതാണ്. അത് പോലെ ചില ബുദ്ധിമുട്ടുകളും പ്രയാസങ്ങളും മിസ്റിലെ അഹ്മദികൾക്കുമുണ്ട്. അല്ലാഹു ഇവരുടെയെല്ലാം പ്രശ്നങ്ങളെ ദുരീകരിക്കട്ടെ. ഇതിലും നാം സവിശേഷമായ അടയാളങ്ങൾ കാണുന്നവർ ആകട്ടെ. അങ്ങനെ ഇവർ സ്വതന്ത്രത്തോടെ തങ്ങളുടെ മത വിശ്വാസത്തെ പ്രകടിപ്പിക്കാനും അല്ലാഹുവിന്റെ സവിധത്തിൽ കുമ്പിടുന്നവരും ആകട്ടെ. നമ്മളിൽ പല നിബന്ധകളും ഉണ്ട് നമസ്കരിക്കാൻ പറ്റില്ല, ആരാധനകൾ നിർവ്വഹിക്കാൻ പറ്റില്ല മുതലായവ ഈ നിബന്ധനകളേയും അല്ലാഹു എല്ലായിടത്തും മാറ്റട്ടെ.

ഇന്ന് ഞാൻ നമസ്കാരത്തിന് ശേഷം ഒരു ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്. ഇത് യു.എസ്.എ. യിലെ ബഹുമാനപ്പെട്ട ലത്തീഫാ ഇൽയാസ് സാഹിബ യുടേതാണ്. ഇവർ മാർച്ച് 9 ന് വഫാത്തായി. اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ

ആഫ്രിക്കൻ അമേരിക്കൻ സ്ത്രീയായിരുന്നു. ഇവർ ഇസ്ലാം അഹ്മദിയ്യത്ത് സ്വീകരിച്ചിട്ട് അൻപതിൽ അധികം വർഷമായി, വഫാത്ത് സമയത്ത് ഇവരുടെ പ്രായം 76 വയസ്സായിരുന്നു. വളരെ ലാളിത്യവും ആത്മാർത്ഥതയും, തഖ്വയും ഉള്ള അഹ്മദിയായിരുന്നു. ഖിലാഫത്തിനോടും അളവറ്റ ഇശ്ഖ് ഉണ്ടായിരുന്നു. ഇവരുടെ ഒരു മകൻ ജമാൽ ഇൽയാസ് വളരെ ആത്മാർത്ഥ അഹ്മദിയാണ്.

ഇവരുടെ സദ്ർ ജമാഅത്ത് എഴുതുന്നു. പരിമിതമായ സൗകര്യങ്ങൾ ആയിരുന്നിട്ടും സഹോദരി ലത്തീഫ വീട്ടിൽ നിന്നും പള്ളി വൃത്തിയാക്കുന്നതിനുള്ള സാധന സാമഗ്രികൾ കൊണ്ടുവന്ന് മണിക്കൂറുകളോളം പള്ളി ശുചിയാക്കുന്നതിൽ ചിലവഴിക്കുമായിരുന്നു. മിക്കവാറും ആരും കാണില്ലെന്ന് ഉറപ്പുള്ള സമയങ്ങളിലായിരുന്നു അവർ ഇതിനായി വിനിയോഗിച്ചിരുന്നത്. ഏതെങ്കിലും രീതിയിലുള്ള വെളിപ്പെടുത്തൽ ആഗ്രഹിച്ചിരുന്നില്ല. എല്ലായ്പ്പോഴും

തസ്ബീഹും, തഹ്മീദും ചൊല്ലിക്കൊണ്ടിരിക്കുമായിരുന്നു. പള്ളി വൃത്തിയാക്കിക്കൊണ്ടിരിക്കുമ്പോഴും അല്ലാത്തപ്പോഴുമെല്ലാം. റംസാൻ മാസത്തിലും ഇഫ്താറിന് രണ്ട് മണിക്കൂറിന് മുമ്പ് പള്ളിയിൽ വരുമായിരുന്നു. അത് വൃത്തിയാക്കുകയും മറ്റും ചെയ്യും. ആളുകൾ എന്തിനാണ് അഴുക്കുകളും മറ്റും ഇടുന്നത് എന്ന് പരാതിപ്പെടില്ലായിരുന്നു. എപ്പോഴും പറയുമായിരുന്നു ദീനി സേവനത്തിനെ അല്ലാഹുവിന്റെ ഔദാര്യമായി കാണുക. അവർ ഇതിന്റെ പ്രത്യക്ഷ രൂപമായിരുന്നു. 70 വയസ്സ് പ്രായത്തിൽ പോലും നടന്ന് തന്നെ പള്ളിയിൽ വരുമായിരുന്നു. ഏതെങ്കിലും അഹ്മദികൾ ഇവരെ വഴിയിൽ കണ്ട് വാഹനത്തിൽ കയറാൻ അഭിപ്രായപ്പെട്ടാൽ ഇല്ലെന്ന് പറയും, പള്ളിയിലേക്കുള്ള ഓരോ കാൽവയ്പ്പും പ്രതിഫലം ലഭിക്കുമെന്ന ഹദീസ് പ്രകാരം ഞാൻ ചെയ്യാൻ ആഗ്രഹിക്കുന്നു. അതിനാൽ എന്നെ നടന്ന് പോകാൻ അനുവദിക്കുക എന്ന പറയുമായിരുന്നു.

സെക്യൂരിറ്റിയുടെ ഡ്യൂട്ടി ചെയ്യുമായിരുന്നു. ദീർഘകാലം ലോക്കൽ ജമാഅത്തിലെ സെക്രട്ടറി മാൽ, സെക്രട്ടറി ഖിദ്മത്തെ ഖൽഖ് എന്നീ പദവികളിൽ നല്ലനിലയിൽ സേവനം അനുഷ്ടിച്ച് വന്നു. ആരോടും ഒരിക്കലും പരിഭവമില്ലായിരുന്നു. കുട്ടികളോട് വളരെ സ്നേഹത്തോടെ പെരുമാറിയിരുന്നു. ഖുത്ബ കേൾക്കുന്നതിൽ പ്രത്യേക താത്പര്യം കാണിച്ചിരുന്നു. എം.ടി.എ.യിൽ ഖുത്ബ കാണുകയും മറ്റുള്ളവരെ അതിന് പ്രേരിപ്പിക്കുകയും ചെയ്തിരുന്നു. ജുമുഅയിൽ നിർബന്ധമായും പങ്കെടുത്തിരുന്നു. മകൻ ഒരവസരത്തിൽ ജുമുഅയിൽ നിന്ന് വിട്ടുനിന്നപ്പോൾ അതിന് കാരണം തിരക്കി. ജോലിത്തിരക്ക് കാരണം അവധി ലഭിച്ചില്ല എന്ന് പറഞ്ഞപ്പോൾ അവനോട് കണിശമായും ജുമുഅയിൽ പങ്കെടുക്കണമെന്ന് പറഞ്ഞു. എന്തായാലും ഇതിന്റെ സ്വാധീനം മകനിലും ഉണ്ടായി. എം.ടി.എ.യിൽ ഖുത്ബ വരുന്ന സമയത്ത് ഡ്രൈവിങ്ങിലാണെങ്കിൽ പോലും കേൾക്കുമായിരുന്നു. ഇവരുടെ മകന്റെ പ്രകൃതവും ഇതായിരുന്നു.

ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ സത്യസാക്ഷ്യത്തിനുള്ള അടയാളമായിരുന്നു ഇവരെന്നും ഖിലാഫത്തിൽ സർവതും സമർപ്പിക്കുന്നവരായിരുന്നു എന്നും ഒരാൾ എഴുതുന്നു.

അല്ലാഹു ഇവർക്ക് മഗ്ഫിറത്ത് നൽകുമാറാകട്ടെ.

എം.ടി.എ.യിൽ ഖുത്ബ കേൾക്കുന്നതിന് വലിയ പ്രാധാന്യം നൽകാത്തവരും ഇത് ശ്രദ്ധിക്കേണ്ടതാണ്. ജമാഅത്തിലെ എല്ലാവരും എം.ടി.എ.യുമായി ബന്ധമുള്ളവരായിത്തീരുകയും അതിലേക്ക് ശ്രദ്ധിക്കുകയും ചെയ്താൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിന്റെ തർബിയ്യത്തിന്റെ നിലവാരം വളരെ ഉന്നതമാകുന്നതാണ്. അല്ലാഹു എല്ലാവർക്കും അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. മർഹൂമയുടെ സ്ഥാനങ്ങൾ ഉയർത്തുമാറാകട്ടെ. അവരുടെ മകനും ഇവരുടെ നന്മകൾ നിലനിർത്തുന്നതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ

**PRINTED BOOKS**

**To**

If Undelivered Please Return To
**AHMADIYYA MUSLIM JAMA-AT**
**" Baitul Quddoos "**
**G.H.Road, Calicut -1**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2014 March 21 at : Baitul Futuh Mosque, London.
Translation: T. Ameeruddin Sajid Muvattupuzha 08281236595

Typing: A.T. Nasarudheen Calicut
Printed at: Digital Image Darussalam Complex Calicut.
Published by: **Majlis Khuddamul Ahmadiyya, Calicut Zilla.**